2023
AUGUST
23
WEDNES DAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

OJUSET
capsules
ഓജസെറ്റ് ക്യാപ്സൂൾ
SINCE 1995

## സംസ്ഥാന ജൂനിയർ ഫുട്ബോൾ: മലപ്പുറം ,എറണാകുളം ഫൈനൽ

### കിരീട പോരാട്ടം വൈകിട്ട് 4ന് മഹാരാജാസ് കോളജ് ഗ്രൗണ്ടിൽ

### മൂന്നാം സ്ഥാനമത്സരം: കാസർഗോഡ് തൃശൂരിനെ നേരിടും



**കൊച്ചി:** സംസ്ഥാന ജൂനിയർ ഫുട്ബോൾ ചാമ്പ്യൻഷിപ്പിന്റെ കലാശക്കളി ഇന്ന്. വൈകിട്ട് 4ന് മഹാരാജാസ് കോളജ് ഗ്രൗണ്ടിൽ നടക്കുന്ന കിരീടപോരാട്ടത്തിൽ മലപ്പുറം എറണാകുളത്തെ നേരിടും. രാവിലെ 7.30ന് മൂന്നാം സ്ഥാനക്കാർക്കായുള്ള മത്സരത്തിൽ കാസർഗോഡ് തൃശൂരിനെ നേരിടും. ചൊവ്വാഴ്ച വൈകിട്ട് നടന്ന ആദ്യസെമിയിൽ കാസർഗോഡിനെ സഡൻഡെത്തിൽ (7-6) തോൽപ്പിച്ചാണ് മലപ്പുറം തുടർച്ചയായ രണ്ടാം തവണയും കലാശക്കളിക്ക് യോഗ്യത നേടിയത്. 9ാം മിനിറ്റിൽ റിഹാൻ അബ്ദുൽ അസീസ് നേടിയ ഗോളിൽ മുന്നിലെത്തിയ കാസർഗോഡിനെ, 60ാം മിനിറ്റിൽ അജ്സൽ റബീഹിന്റെ ഗോളിൽ നിലവിലെ ജേതാക്കളായ മലപ്പുറം ഒപ്പംപിടിച്ചു. നിശ്ചിത സമയത്തും (1-1), ടൈബ്രേക്കറിലും (3-3) ഇരുടീമുകളും തുല്യത പാലിച്ചതോടെ മത്സരം സഡൻഡെത്തിലേക്ക് നീങ്ങുകയായിരുന്നു. രണ്ടാം സെമിയിൽ അവസാന മിനിറ്റിൽ നേടിയ ഗോളിലാണ് എറണാകുളം നിലവിലെ റണ്ണേഴ്സ് അപ്പായ തൃശൂരിനെ അട്ടിമറിച്ചത്. മത്സരം ഷൂട്ടൗട്ടിലേക്ക് നീങ്ങുമെന്ന് തോന്നിച്ച ഘട്ടത്തിൽ ജോഷ്വ ജെ തയിൽ വിജയഗോൾ നേടുകയായിരുന്നു. ഇന്ന് വൈകിട്ട് നടക്കുന്ന സമാപന ചടങ്ങിൽ കൊച്ചി മേയർ എം.അനിൽകുമാർ വിജയികൾക്ക് ട്രോഫികൾ സമ്മാനിക്കും.

## ഓണ വിപണി

# വ്യാപക പരിശോധന

### ആറ് സ്ഥാപനങ്ങളുടെ പ്രവർത്തനം നിർത്തിവെപ്പിച്ചു
### 54 സ്ഥാപനങ്ങൾക്ക് പിഴ ഈടാക്കാൻ നോട്ടീസ്

**തിരുവനന്തപുരം:** സംസ്ഥാനത്ത് ഓണ വിപണിയിൽ ലഭ്യമാകുന്ന ഭക്ഷ്യ വസ്തുക്കളുടെ ഗുണനിലവാരവും സുരക്ഷയും ഉറപ്പുവരുത്താനായി ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ നേതൃത്വത്തിൽ സംസ്ഥാന വ്യാപകമായി ഭക്ഷ്യ, വ്യാപാര സ്ഥാപനങ്ങളിൽ പരിശോധന ആരംഭിച്ചു. സംസ്ഥാനത്താകെ 637 ഭക്ഷ്യ സുരക്ഷാ പരിശോനകൾ നടത്തി. ലൈസൻസില്ലാതെയും വൃത്തിഹീനമായ സാഹചര്യത്തിലും പ്രവർത്തിച്ച ആറ് സ്ഥാപനങ്ങളുടെ പ്രവർത്തനം നിർത്തിവെപ്പിച്ചു. വരും ദിവസങ്ങളിലും പരിശോധനകൾ തുടരുമെന്നും മന്ത്രി വീണാ ജോർജ്ജ് വ്യക്തമാക്കി.ഗുരുതര വീഴ്ചകൾ കണ്ടെത്തിയ 54 സ്ഥാപനങ്ങൾക്ക് പിഴ ഈടാക്കുന്നതിനുള്ള നോട്ടീസും 58 കടകൾക്ക് റെക്ടിഫിക്കേഷൻ നോട്ടീസും നൽകി. മൂന്ന് സ്ഥാപനങ്ങൾക്കെതിരെ അഡ്ജ്യൂഡിക്കേഷൻ നടപടികൾക്കായി ശുപാർശ ചെയ്തു. ആറ് സ്ഥാപനങ്ങൾക്ക് ഇംപ്രൂവ്മെന്റ് നോട്ടീസ് നൽകി. 72 സ്റ്റാറ്റ്യൂട്ടറി സാമ്പിളുകളും 167 സർവൈലൻസ് സാമ്പിളുകളും ശേഖരിച്ച് ലാബുകളിൽ പരിശോധനക്കയച്ചു.ഓണക്കാലത്ത് അധികമായി വാങ്ങി ഉപയോഗിക്കുന്ന പാൽ,



ഭക്ഷ്യ എണ്ണകൾ, പപ്പടം, പായസം മിക്സ്, ശർക്കര, നെയ്യ്, പച്ചക്കറികൾ, പഴങ്ങൾ, പരിപ്പുവർഗങ്ങൾ, മത്സ്യം, മാംസം തുടങ്ങിയവയുടെ വിതരണ കേന്ദ്രങ്ങളിലും, ഹോട്ടൽ, ബേക്കറി, തട്ടുകടകൾ, ചെക്ക് പോസ്റ്റുകൾ എന്നിവിടങ്ങളിലും പരിശോധനകൾ നടത്തി.ഭക്ഷ്യസുരക്ഷാ ലൈസൻസെടുക്കാതെ ഒരു സ്ഥാപനവും പ്രവർത്തിക്കാൻ അനുവദിക്കില്ല. നിയമലംഘനം നടത്തുന്ന സ്ഥാപനങ്ങൾക്കെതിരെ ഭക്ഷ്യസുരക്ഷ ഗുണനിലവാര നിയമം അനുസരിച്ച് നിയമനടപടികൾ കൈക്കൊള്ളാൻ ഭക്ഷ്യ സുരക്ഷാ കമ്മീഷണർ നിർദേശം നൽകി. വ്യാപാരികൾ ഭക്ഷ്യ സുരക്ഷ ലൈസൻസ്/രജിസ്ട്രേഷൻ എടുക്കേണ്ടതും ഉപഭോക്താക്കൾ കാണുന്ന വിധം സ്ഥാപനത്തിൽ പ്രദർശിപ്പിക്കേണ്ടതുമാണ്. നിലവാരമില്ലാത്ത ഭക്ഷ്യവസ്തുക്കൾ വിൽപ്പനക്കായി സ്ഥാപനത്തിൽ സൂക്ഷിക്കുകയോ, വിൽപ്പന നടത്തുകയോ ചെയ്യരുത്. പായ്ക്ക് ചെയ്ത ഭക്ഷണസാധനങ്ങൾ നിയമാനുസൃതമായ ലേബൽ വ്യവസ്ഥകളോടെ മാത്രമെ വിൽക്കാൻ പാടുള്ളൂ. ഭക്ഷ്യവസ്തുക്കൾ വിതരണം ചെയ്യുന്ന സ്ഥാപനങ്ങളും, വ്യക്തികളും ശുചിത്വ ശീലങ്ങൾ കർശനമായും പാലിക്കണം.

## പ്ലസ് വൺ ഒഴിവുള്ള സീറ്റുകളിൽ പ്രവേശനം

തിരുവനന്തപുരം: ഹയർസെക്കണ്ടറി പ്ലസ് വൺ അലോട്ട്മെന്റുകളിൽ അപേക്ഷിച്ചിട്ടും അലോട്ട്മെന്റ് ലഭിക്കാത്തവർക്കും ഇതുവരെയും അപേക്ഷ നൽകാൻ കഴിയാത്തവർക്കും നിലവിലുള്ള ഒഴിവിൽ പ്രവേശനം നേടുന്നതിന് ആഗസ്റ്റ് 23 മുതൽ 24ന് വൈകിട്ട് 4 വരെ അപേക്ഷ ഓൺലൈനായി നൽകാം. നിലവിൽ ഏതെങ്കിലും ക്വാട്ടയിൽ പ്രവേശനം നേടിയവർ അപേക്ഷിക്കേണ്ടതില്ല. ഏതെങ്കിലും ക്വാട്ടയിൽ പ്രവേശനം നേടിയ ശേഷം വിടുതൽ സർട്ടിഫിക്കറ്റ് വാങ്ങിയവർക്കും അപേക്ഷിക്കാൻ കഴിയില്ല. നിലവിലുള്ള ഒഴിവ് www.hscap.kerala.gov.in ൽ ആഗസ്റ്റ് 23ന് രാവിലെ 9 മണിക്ക് പ്രസിദ്ധീകരിക്കും. പ്രവേശനം നേടാൻ ആഗ്രഹിക്കുന്നവർ കാൻഡിഡേറ്റ് ലോഗിനിലെ അപ്ലൈ ഫോർ വേക്കന്റ് സീറ്റ് എന്ന ലിങ്കിലൂടെ അപേക്ഷ നൽകണം.



# തൊഴിൽതീരം പദ്ധതി ജില്ലയിൽ വൈപ്പിനിലും കൊച്ചിയിലും

**കൊച്ചി:** തീരമേഖലയിലെ അഭ്യസ്തവിദ്യരായ തൊഴിലന്വേഷകർക്ക് വിജ്ഞാനതൊഴിൽ മേഖലയിൽ അവസരമൊരുക്കുന്ന തൊഴിൽ തീരം പദ്ധതിക്ക് ജില്ലയിലെ രണ്ട് നിയോജക മണ്ഡലങ്ങളിൽ തുടക്കമായി. വൈപ്പിൻ, കൊച്ചി മണ്ഡലങ്ങളിലെ മത്സ്യത്തൊഴിലാളി വിഭാഗത്തിൽപ്പെട്ടവർക്കായി നടത്തുന്ന വൈജ്ഞാനിക തൊഴിൽ പദ്ധതി ഫിഷറീസ് വകുപ്പിന്റെ സഹകരണത്തോടെയാണ് നടപ്പാക്കുന്നത്. പദ്ധതിയുടെ ഭാഗമായി വോളന്റിയർമാർക്കുള്ള ഫീൽഡ്തല പരിശീലനങ്ങൾ പൂർത്തിയായി. രണ്ടു നിയോജകമണ്ഡലങ്ങളിൽ നിന്നുമായി 1628 പേർ പദ്ധതിക്കു കീഴിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. പദ്ധതിയുടെ നിർവഹണത്തിനായി അതത് നിയോജക മണ്ഡലങ്ങളിലെ എം എൽ എ മാർ അധ്യക്ഷരായുള്ള സംഘാടക സമിതികൾ രൂപീകരിച്ചിട്ടുണ്ട്.സംസ്ഥാനത്തെ 46 തീരദേശ മണ്ഡലങ്ങളും ഉൾനാടൻ മത്സ്യബന്ധന ഗ്രാമങ്ങളുമാണ് പദ്ധതി പ്രദേശങ്ങൾ. മത്സ്യത്തൊഴിലാളി കുടുംബങ്ങളുടെ വരുമാന വർധനവും സാംസ്കാരിക വിദ്യാഭ്യാസ ഉയർച്ചയുമാണ് പദ്ധതിയുടെ ലക്ഷ്യം. നോളെജ് മിഷന്റെ ഡിജിറ്റൽ പ്ലാറ്റ്ഫോമായ ഡി ഡബ്ല്യു എം എസിൽ രജിസ്റ്റർ ചെയ്ത 18 നും 40 നും ഇടയിൽ പ്രായമുള്ള പ്ലസ്ടുവോ അതിനുമുകളിലോ വിദ്യാഭ്യാസയോഗ്യതയുള്ള മത്സ്യത്തൊഴിലാളി സമൂഹത്തിലെ ഉദ്യോഗാർഥികളാണ് പദ്ധതിയുടെ ഗുണഭോക്താക്കൾ. ഉദ്യോഗാർഥികളുടെ അഭിരുചിയും ആഭിമുഖ്യവും മനസ്സിലാക്കി ആവശ്യാനുസരണം സൈക്കോമെട്രിക് ടെസ്റ്റ് , കരിയർ കൗൺസിലിങ്, പേഴ്സണാലിറ്റി ഡെവലപ്മെന്റ് ട്രെയിനിങ്, വർക്ക് റെഡിനസ് പ്രോഗ്രാം, റോബോട്ടിക് ഇന്റർവ്യൂ, ഇംഗ്ലീഷ് ഭാഷാ പ്രാവീണ്യം അളക്കുന്നതിനുള്ള ഇംഗ്ലീഷ് സ്കോർ ടെസ്റ്റ് തുടങ്ങിയ സേവനങ്ങൾ ഉപയോഗപ്പെടുത്താം.റിമോർട്ട് വർക്കുകൾ, ഫ്രീലാൻസ് ജോലികൾ, വർക്ക് ഓൺ ഡിമാൻഡ് ജോലികൾ, പാർട്ട് ടൈം ജോലികൾ, സമുദ്ര മത്സ്യബന്ധനവുമായി ബന്ധപ്പെട്ട വൈജ്ഞാനിക തൊഴിലുകൾ ഉൾപ്പെടെ നവലോക തൊഴിലുകൾ കണ്ടെത്തി അവ നേടുന്നതിനാവശ്യമായ പരിശീലനങ്ങൾ നൽകി തൊഴിലന്വേഷകരെ തൊഴിൽ സജ്ജരാക്കുന്നു. തുടർന്ന് പദ്ധതിയുടെ ഭാഗമായി നടത്തുന്ന പ്രത്യേക ജില്ലാതല തൊഴിൽ മേളയിൽ പങ്കെടുക്കാം. എണാകുളം ജില്ലയിൽ 2024 ജനുവരി 14 നാണ് തൊഴിൽമേള.ഫിഷറീസ് ഡയറക്ടർ ഡോ. അദീല അബ്ദുള്ള ചെയർപേഴ്സണും നോളെജ് ഇക്കോണമി മിഷൻ ഡയറക്ടർ ഡോ. പി എസ് ശ്രീകല കൺവീനറുമായി സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റി പദ്ധതിയുടെ പുരോഗതി വിലയിരുത്തും.തൊഴിലന്വേഷകരെ ഉൾപ്പെടുത്തി പ്രാദേശിക സംഗമങ്ങൾ, തൊഴിൽ ക്ലബ്ബുകൾ, മിഷൻ പ്രവർത്തനങ്ങളെക്കുറിച്ച് പഞ്ചായത്ത് പ്രാദേശികതല ബോധവൽക്കരണം എന്നിവ സംഘടിപ്പിക്കും. പദ്ധതിയുടെ തുടർ പ്രവർത്തനങ്ങൾക്കുംതൊഴിൽമേള സംഘടിപ്പിക്കുന്നതിനുമായി സാഫ് ഫെസിലിറ്റേറ്റർമാർ, പുനർഗേഹം മോട്ടിവേറ്റർമാർ, മത്സ്യഫെഡ് പ്രോജക്ട് ഓഫീസർമാർ, സാഗർ മിത്രമാർ എന്നിവരെയാണ് വോളന്റിയർമാരായി നിയമിച്ചിട്ടുള്ളത്. ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർമാർക്കായിരിക്കും ഓരോ നിയോജക മണ്ഡലത്തിന്റെയും ചുമതല.

# ഓണാഘോഷം: വടംവലി മത്സരം സംഘടിപ്പിച്ചു

**കൊച്ചി:** ജില്ലാ പഞ്ചായത്തും ജില്ലാ ഭരണകൂടവും തൃക്കാക്കര നഗരസഭയും സംയുക്തമായി തൃക്കാക്കരയിലെ ഓണാഘോഷങ്ങളുടെ ഭാഗമായി സംഘടിപ്പിച്ച വടംവലി മത്സരത്തിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കി കുന്നുകര ഗ്രാമ പഞ്ചായത്ത്. ഒക്കൽ പഞ്ചായത്തിന് രണ്ടാം സ്ഥാനവും ഏലൂർ നഗരസഭക്ക് മൂന്നാം സ്ഥാനവും ലഭിച്ചു. ഒന്നാം സ്ഥാനക്കാർക്ക് 10,000 വും രണ്ടും മൂന്നും സ്ഥാനക്കാർക്ക് യഥാക്രമം 5000, 3000 രൂപ വീതവും ട്രോഫിയുമായിരുന്നു സമ്മാനം.വിജയികൾക്ക് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഉല്ലാസ് തോമസ് സമ്മാന വിതരണം ചെയ്തു. വൈസ് പ്രസിഡന്റ് സനിതാ റഹിം അധ്യക്ഷത വഹിച്ചു. ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാരായ കെ.എം ഷിയാസ്(ഒക്കൽ ), സൈനബാ ബാബു (കുന്നുകര ), ജില്ലാ പഞ്ചായത്ത് അംഗങ്ങളായ മനോജ് മൂത്തേടൻ, ശാരദാ മോഹൻ . ഷൈനി ജോർജ് , ലിസി അലക്സ് , അനിമോൾ ബേബി, സെക്രട്ടറി വൈ.വിജയകുമാർ , ഫിനാൻസ് ഓഫിസർ ജോബി തോമസ് എന്നിവർ പങ്കെടുത്തു.

# കർഷകർക്ക് പ്രചോദനമായി ഡേവിസിന്റെ ഉയർത്തെഴുന്നേൽപ്പ്



**കൊച്ചി:** പതിവിലും കവിഞ്ഞ മഴപെയ്ത് കൃഷിയിടങ്ങളിൽ വെള്ളം നിറയുമ്പോഴും വെയിലേറ്റ് പ്രതീക്ഷിച്ച വിളവ് നേടാതെ കൃഷിയിടം വാടി തളരുമ്പോഴും കൃഷിയിൽ നിന്നും അകന്നു പോകുന്ന കർഷകർക്ക് പ്രചോദനമായി കരുമാലൂർ പഞ്ചായത്തിലെ ഡേവിസ് ചക്കിശേരി. വിളവെടുക്കാറായ കൃഷിയാകെ കഴിഞ്ഞ പ്രളയത്തിൽ നഷ്ടപ്പെട്ട്, ഒരാൾ പൊക്കത്തിൽ എക്കലും മണ്ണും വന്നടിഞ്ഞപ്പോൾ ഡേവിസ് സംരക്ഷിച്ചിരുന്ന മണ്ണിന്റെ ഘടനായാകെ മാറുകയുണ്ടായി. പ്രളയത്തിൽ വന്ന മണ്ണ് ജെസിബി ഉപയോഗിച്ച് മാറ്റി വീണ്ടും കൃഷി ആരംഭിച്ചത് ഡേവീസിന്റെ നിശ്ചയ ദാർഢ്യവും കഠിന പ്രയത്നവും കൊണ്ട് മാത്രമാണ്. പ്രളയത്തിൽ നിന്നും അതിജീവനത്തിന്റെ പാതയിൽ വന്ന സമയത്തായിരുന്നു കോവിഡിന്റെ കടന്നു വരവ്. കോവിഡ് കർഷകരെയാകെ തളർത്തിയപ്പോഴും ഡേവിസ് കൃഷിയെ തന്റെ ജീവിതത്തോട് കൂട്ടിയിണക്കുകയായിരുന്നു.മണ്ണിൽ കൂടുതൽ ജൈവ വളങ്ങളിട്ടുകൊണ്ട് മണ്ണിന്റെ ജൈവാംശം വീണ്ടെടുത്ത് കൊണ്ടുള്ള കൃഷി രീതിയാണ് ഡേവിസ് അവലംബിച്ചു പോരുന്നത്. രോഗ കീട ആക്രമണങ്ങൾക്കെതിരെ തികച്ചും സുരക്ഷിതമായ രീതിയിൽ ചോളം, ചെണ്ടുമല്ലി എന്നിവ ഉപയോഗിച്ച് ആവാസ വ്യവസ്ഥകൾ സംരക്ഷിച്ചുകൊണ്ടുള്ള കീട നിയന്ത്രണങ്ങളും വളപ്രയോഗങ്ങളുമാണ് കരുമാല്ലൂരിലെ മാതൃകാ കർഷകൻ കാർഷിക രംഗത്തു ഉപയോഗിക്കുന്നത്.20 ലധികം കാർഷിക വിളകളാണ് സുരക്ഷിത കൃഷിരീതിയിലൂടെ ഡേവിസ് ഉത്പാദിപ്പിക്കുന്നത്. നെല്ല്, വാഴ, തെങ്ങ്, പീച്ചിൽ, പടവലം, വെണ്ട, പയർ, തക്കാളി, മുളക്, ക്യാബേജ്, വഴുതന, കുരുമുളക്, ജാതി, കുക്കുമ്പർ, ചേന,ഇഞ്ചി ചേമ്പ്,മഞ്ഞൾ, എന്നിവയാണ് കൃഷി ഇനങ്ങൾ. അന്താരാഷ്ട്ര മില്ലറ്റ് വർഷമായതിനാൽ ചെറുധാന്യതിന്റെ പ്രാധാന്യം മനസ്സിലാക്കി ഈ ഓണത്തിന് ശേഷം മില്ലറ്റ് കൃഷി ചെയ്യുവാനും ബ്രൊക്കോളി, ബട്ടർ നട്ട് തുടങ്ങിയ പുതിയ വിളകൾ കൃഷി ചെയ്യാനുള്ള ആലോചനയിലാണ് ഡേവിസ്.26 ാം വയസ്സിൽ സർക്കാർ ജോലിക്ക് നിയമന ഉത്തരവ് ലഭിച്ച ഡേവിസ് തന്റെ മേഖല കൃഷിയാണെന്ന് തിരിച്ചറിയുകയും കൃഷിയിലെ വരുമാനത്തിലൂടെ മാത്രം ഇന്ന് രണ്ടര ഏക്കർ സ്ഥലം സ്വന്തമായി വാങ്ങുകയും ചെയ്തു.കൃഷി വകുപ്പിന്റെ ജില്ലയിലെ മികച്ച കർഷകനുള്ള ഹരിതമിത്ര കാർഷിക പുരസ്കാരം ഒന്നാം സ്ഥാനം ഉൾപ്പെടെ നിരവധി അംഗീകാരങ്ങൾ ഇതിനകം ഡേവീസിനെ തേടിയെത്തിയിട്ടുണ്ട്. ആത്മ ഉപദേശക സമിതിയംഗം, സുഭിക്ഷം സുരക്ഷിതം ക്ലസ്റ്റർ കോ ഓഡിനേറ്റർ എറണാകുളം ജില്ലാകൃഷി വിജ്ഞാനകേന്ദ്രത്തിന്റെ ശാസ്ത്രീയ ഉപദേശക സമിതി അംഗം എന്നീ തലങ്ങളിൽ ഡേവിസ് പ്രവർത്തിച്ചിട്ടുണ്ട്.കളമശ്ശേരി മണ്ഡലം എം.എൽ.എയും വ്യവസായ വകുപ്പ് മന്ത്രിയുമായ പി രാജീവിന്റെ നേതൃത്വത്തിൽ നടപ്പിലാക്കിവരുന്ന കൃഷിക്കൊപ്പം കളമശ്ശേരി പദ്ധതിയിലൂടെ 12 ഏക്കർ കൃഷി 16 ഏക്കറിലേക്ക് വ്യാപിപ്പിക്കാനുള്ള തയ്യാറെടുപ്പിലാണ് ഇപ്പോൾ ഡേവിസ്. വിളകൾക്ക് അനുയോജ്യമായ കാലാവസ്ഥയ്ക്ക് അനുസരിച്ച് വിത്ത് ഇറക്കുക എന്ന നിർദ്ദേശമാണ് ഡേവിസിന് കർഷകരോട് പറയാനുള്ളത്.

# ജനകീയ ഹോട്ടലുകളിലെ ഊണിന് ഇനി 30 രൂപ

**കൊച്ചി:** ജനകീയ ഹോട്ടലുകളിൽ നിന്നും വിതരണം ചെയ്യുന്ന ഉച്ചഭക്ഷണത്തിന്റെ നിരക്ക് 30 രൂപയാക്കി പുനർനിർണയിക്കാനുള്ള തീരുമാനത്തിന് ജില്ലാ ആസൂത്രണ സമിതി യോഗത്തിൽ അംഗീകാരം നൽകി. ജില്ലാ ആസൂത്രണ സമിതി ചെയർമാനായ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഉല്ലാസ് തോമസിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിലാണ് തീരുമാനം. ജനകീയ ഹോട്ടലുകൾ വഴി നൽകുന്ന ഉച്ചഭക്ഷണത്തിന്റെ സബ്സിഡി ഓഗസ്റ്റ് ഒന്ന് മുതൽ ഒഴിവാക്കിക്കൊണ്ടുള്ള സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 30 ൽ കുറയാത്ത തുക നിശ്ചയിക്കാൻ ആസൂത്രണ സമിതിക്ക് അധികാരം നൽകിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിലാണ് ഉച്ചഭക്ഷണത്തിന്റെ വില 30 രൂപയും പാഴ്സലിന് 35 രൂപയും നിശ്ചയിച്ചുകൊണ്ട് ആസൂത്രണ സമിതി യോഗത്തിൽ അംഗീകാരം നൽകിയത്. കൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ജനകീയ ഹോട്ടലുകൾക്കുള്ള വാടക ഇലക്ട്രിസിറ്റി ചാർജ്, വാട്ടർ ചാർജ്, സിവിൽ സപ്ലൈസിൽ നിന്നും സബ്സിഡി നിരക്കിൽ അരി എന്നിവ ലഭ്യമാക്കണം. ജനകീയ ഹോട്ടലുകളുടെ പ്രവർത്തനം വിലയിരുത്തുന്നതിനും നിരീക്ഷിക്കുന്നതിനും ജില്ലാസൂത്രണ സമിതി സബ് കമ്മിറ്റിക്ക് രൂപം നൽകി. ഹോട്ടലുകളുടെ പ്രവർത്തനം ഡിപിസി യോഗത്തിൽ അവലോകനം ചെയ്യും. നിശ്ചയിച്ച നിരക്ക് വിതരണം ചെയ്യാതിരിക്കുകയോ ഉയർന്ന നിരക്ക് ഈടാക്കുകയോ ചെയ്താൽ ജനകീയ ഹോട്ടൽ എന്ന പേര് തുടരുന്നത് സംബന്ധിച്ചുള്ള തീരുമാനവും ഡിപിസിക്ക് സ്വീകരിക്കാം.മൂന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ 2023 24 വാർഷിക പദ്ധതി ഭേദഗതിക്ക് കൂടി യോഗത്തിൽ അംഗീകാരം നൽകി. മൂക്കന്നൂർ, പള്ളിപ്പുറം, കവളങ്ങാട് എന്നീ ഗ്രാമപഞ്ചായത്തുകളുടെ വാർഷിക പദ്ധതി ഭേദഗതിക്കാണ് അംഗീകാരം നൽകിയത്. ഓഗസ്റ്റ് നാലിന് ചേർന്ന യോഗത്തിൽ 105




തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതി ഭേദഗതിക്ക് അംഗീകാരം നൽകിയിരുന്നു.202324 വർഷത്തെ കേരള ഖര മാലിന്യ പരിപാല പ്രൊജകട് ഫണ്ട് പ്രകാരം ജില്ലയിലെ 14 നഗരസഭകൾക്ക് ലഭ്യമായ 2,69,3ഛഛ,196 രൂപയുടെ പദ്ധതിക്ക് യോഗം അംഗീകാരം നൽകി. 2022 23 ഹെൽത്ത് ഗ്രാന്റ് ഫണ്ട് ലഭ്യമായിട്ടുണ്ടെന്ന് യോഗത്തിൽ ചെയർമാൻ അറിയിച്ചു.ജില്ലാ ആസൂത്രണ സമിതി ഹാളിൽ ചേർന്ന യോഗത്തിൽ ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് സനിത റഹീം, ജില്ലാ പ്ലാനിങ് ഓഫീസർ പി.എ. ഫാത്തിമ, ഡെപ്യൂട്ടി പ്ലാനിങ് ഓഫീസർ എം.എം. ബഷീർ, അസിസ്റ്റന്റ് പ്ലാനിങ് ഓഫീസർ ഡോ. ടി എൽ ശ്രീകുമാർ, റിസർച്ച് ഓഫീസർ പി ബി ഷിബിൻ, ആസൂത്രണ സമിതി അംഗങ്ങളായ മനോജ് മൂത്തേടൻ, അനിത ടീച്ചർ, ദീപു കുഞ്ഞുകുട്ടി, ശാരദ മോഹൻ, ഷൈമി വർഗീസ്, ലിസി അലക്സ്, എ എസ് അനിൽകുമാർ, റീത്തപോൾ, മേഴ്സി ടീച്ചർ, പി കെ ചന്ദ്രശേഖരൻ തുടങ്ങിയവർ പങ്കെടുത്തു.

# എൻ.വി പാപ്പച്ചൻ ചാരിറ്റബിൾ ട്രസ്റ്റ് പ്രവർത്തന ഉദ്ഘാടനം 26 ന്




**കൊച്ചി:** പവിഴം അരിക്കാരൻ ഗ്രൂപ്പ് സ്ഥാപകൻ എൻ വി പാപ്പച്ചൻറെ സ്മരണക്കായി രൂപീകരിച്ച എൻ. വി പാപ്പച്ചൻ മെമ്മോറിയൽ ചാരിറ്റബിൾ ട്രസ്റ്റിൻറെ 2023 24 വർഷത്തെ പ്രവർത്തനൊദ്ഘാടനം, ഗ്രൂപ്പിൻറെ 31 മത് വാർഷികം എന്നിവ 'പൊന്നോണം 2023' എന്ന പേരിൽ ഈ മാസം 25, 26 തീയതികളിൽ കൂവപ്പടി പവിഴം നഗറിൽ നടക്കും.വെള്ളിയാഴ്ച വൈകീട്ട് 5ന് ആരംഭിക്കുന്ന പവിഴം ജീവനക്കാരുടെയും അതിഥി തൊഴിലാളികളുടെയും വിവിധ കലാ കായിക പരിപാടികളോടെ പൊന്നോണം 2023 നു തുടക്കമാകുമെന്ന് ചെയർമാൻ എൻ. പി ജോർജും മാനേജിംഗ് ഡയറക്ടർ എൻ. പി ആൻറണിയും വാർത്താ സമ്മേളനത്തിൽ അറിയിച്ചു. 26 ന് രാവിലെ 8 മുതൽ പൂക്കളം, വിനോദ കായിക മത്സരങ്ങൾ, പവിഴം രാജ പവിഴം റാണി തെരഞ്ഞെടുപ്പ്, 70 ൽ പരം ആളുകൾ പങ്കെടുക്കുന്ന മെഗാ തിരുവാതിര, പഴയിടം മോഹനൻ നമ്പൂതിരിയുടെ മേൽനോട്ടത്തിൽ നടക്കുന്ന 2000 പേർക്ക് ഓണസദ്യ, ശിങ്കാരിമേളം, കാവടിയാട്ടം എന്നിവയുമുണ്ടാകും. തുടർന്ന് അരങ്ങേറുന്ന 500 പേരുടെ പുലികളി ചടങ്ങിൻറെ പ്രധാന ആകർഷണമായിരിക്കും. വേൾഡ് റെക്കോർഡ്സ് യൂണിയൻ പ്രതിനിധികൾ പുലികളി വീക്ഷിക്കുന്നതിന് എത്തുന്നുണ്ട്. വൈകിട്ട് 5 ന് സാംസ്കാരിക സമ്മേളനം മന്ത്രി പി രാജീവും ചാരിറ്റബിൾ ട്രസ്റ്റ് രണ്ടു കോടിയിലധികം രൂപ ചെലവഴിച്ചു ഈ വർഷം നടത്തുന്ന പ്രവർത്തങ്ങളുടെ ഉദ്ഘാടനം മുൻ നിയമസഭാ സ്പീക്കർ പി. പി തങ്കച്ചനും നിർവ്വഹിക്കും. അഡ്വ.എൽദോസ് കുന്നപ്പിള്ളി എം എൽ എ അധ്യക്ഷനായിരിക്കും. 5000 പേർക്കുള്ള ഓണക്കിറ്റ് വിതരണം, ചികിത്സാ സഹായ പദ്ധതി, ഭവന നിർമ്മാണ പദ്ധതി, വിവാഹ സഹായ പദ്ധതി തുടങ്ങിയവയുടെ ഉദ്ഘാടനം,എസ് എസ് എൽ സി പ്ലസ് ടു അവാർഡ് വിതരണം, തൊഴിലാളികളെ ആദരിക്കൽ എന്നിവയാണ് മറ്റു പരിപാടികൾ.ബെന്നി ബഹനാൻ എം പി, റോജി എം ജോൺ എം എൽ എ, മുൻ എം എൽ എ സാജു പോൾ, ട്രാവൻകൂർ സിമൻറ്സ് ചെയർമാൻ ബാബു ജോസഫ്, ടെൽക്ക് മുൻ ചെയർമാൻ എൻ.സി മോഹനൻ, കൂവപ്പടി പഞ്ചായത്ത് പ്രസിഡൻറ് സിന്ധു അരവിന്ദ്, ബ്ളോക്ക് പഞ്ചായത്തു പ്രസിഡൻറ് ബേസിൽ പോൾ, കെ. കെ അഷറഫ് തുടങ്ങിയവർ സന്നിഹിതരായിരിക്കും, പി അനിൽകുമാർ, ഫാ. പോൾ മടശ്ശേരി, ഫാ. പോൾ മനയപ്പിള്ളി, പവിഴം ഗ്രൂപ്പ് ഡയറക്ടർമാരായ റോയ് ജോർജ്, ഗോഡ്വിൻ ആൻറണി എന്നിവർ പ്രസംഗിക്കും. രാത്രി 7 ന് മെഗാ ഷോ.

# കാർഷികോത്സവത്തിൽ ചെണ്ടുമല്ലി പൂക്കൾ വാങ്ങാം



**കൊച്ചി:**പ്രദേശികമായി കൃഷി ചെയ്ത ചെണ്ടുമല്ലി പൂക്കളുടെ വിപണനോദ്ഘാടനം വ്യവസായ വകുപ്പ് മന്ത്രി പി രാജീവ് നിർവഹിച്ചു. കൃഷിക്കൊപ്പം കളമശേരിയുടെയും കൃഷി വകുപ്പിന്റെ വിവിധ പദ്ധതികളുടെയും ഭാഗമായി തുടങ്ങിയ കൃഷിയിൽ വിളവെടുത്ത പൂക്കളാണ് കാർഷികോത്സവം 2023ൽ വിപണനം ആരംഭിച്ചത്. മഞ്ഞ, ഓറഞ്ച് നിറങ്ങളിൽ പ്രാദേശികമായി വിളവെടുത്ത ചെണ്ടുമല്ലി പൂക്കൾ മൊത്തമായും ചില്ലറയായും മേളയിൽ ലഭ്യമാകും. മുൻകൂട്ടി ബുക്ക് ചെയ്തു പൂക്കൾ വാങ്ങാനും സൗകര്യമുണ്ട്.കാർഷികോത്സവത്തിന്റെ രണ്ടാം ദിവസം അരങ്ങേറിയ പഴം, പച്ചക്കറി, പുഷ്പ കർഷകരുടെ സംഗമത്തിൽ നടന്ന ചടങ്ങിൽ കൃഷിക്കൊപ്പം കളമശേരി പദ്ധതി കോ ഓഡിനേറ്റർ എം.പി വിജയൻ, കൺവീനർ വി.എം ശശി, കുന്നുകര സഹകരണ ബാങ്ക് പ്രസിഡന്റ് കെ.വി വേണു, തൃക്കാക്കര കോഓപ്പറേറ്റീവ് ബാങ്ക് പ്രസിഡന്റ് സി.എസ്. എ കരീം, വെജിറ്റബിൾ ആൻഡ് ഫ്രൂട്സ് പ്രമോഷൻ കൗൺസിൽ ഡെപ്യൂട്ടി മാനേജർ മുഹമ്മദ് അനസ്, ആത്മ ബി.ടി.എം ( ബ്ലോക്ക് ടെക്നോളജിയമാനേജർ) ടി.എൻ നിഷിൽ, കർഷകരായ ഡേവിസ് ചക്കിശേരി, എ.വി ജോഷി എന്നിവർ പങ്കെടുത്തു. കരുമാല്ലൂർ, കടുങ്ങല്ലൂർ, ആലങ്ങാട്, പഞ്ചായത്തുകളിലും ഏലൂർ, ആലുവ മുനിസിപ്പാലിറ്റികളിലുമായി 13 ഏക്കറിൽ ചെയ്ത പൂകൃഷി ഇത്തവണ നൂറുമേനിയാണ് വിളവെടുക്കുന്നത്. ആലങ്ങാട് ബ്ലോക്ക് പഞ്ചായത്തിന്റെ ഓണത്തിന് പൂക്കളം ഒരുക്കാൻ പൂ കൃഷി, ഏലൂർ മുനിസിപ്പാലിറ്റി കൃഷി ഭവന്റെ ഓണത്തിന് ഒരു പൂക്കുട എന്ന ആശയങ്ങൾ മുൻനിർത്തിയാണ് പൂകൃഷി ചെയ്തത്.

## പൊലീസ് കംപ്ലയിന്റ്സ് അതോറിറ്റി ഹിയറിങ്ങ് 23ന്

**ആലപ്പുഴ:** സംസ്ഥാന പൊലീസ് കംപ്ലയിന്റ്സ് അതോറിറ്റിയുടെ ഹിയറിംഗ് 23ന് രാവിലെ 11 മുതൽ ആലപ്പുഴ ഗവൺമെന്റ് ഗസ്റ്റ് ഹൗസിൽ നടക്കും. രാവിലെ 10 മുതൽ 11 മണി വരെ പൊതുജനങ്ങൾക്ക് പരാതികൾ നൽകാം.

## അസിസ്റ്റന്റ് ഇൻഷുറൻസ് മെഡിക്കൽ ഓഫീസർ അഭിമുഖം

**ആലപ്പുഴ:** ഇൻഷുറൻസ് മെഡിക്കൽ സർവീസസ് വകുപ്പിന് കീഴിലെ പാതിരപ്പള്ളി ഇ.എസ്.ഐ. ആശുപത്രിയിലേക്ക് അസിസ്റ്റന്റ് ഇൻഷുറൻസ് മെഡിക്കൽ ഓഫീസറെ (ഹോമിയോ) കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നു. ഹോമിയോപ്പതി ബിരുദവും എ. ക്ലാസ് രജിസ്ട്രേഷനുമാണ് യോഗ്യത. താത്പര്യമുള്ളവർ അസൽ യോഗ്യത സർട്ടിഫിക്കറ്റുമായി സെപ്റ്റംബർ അഞ്ചിന് രാവിലെ 11ന് ഇൻഷുറൻസ് മെഡിക്കൽ സർവീസസ് ഹോമിയോ ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസിൽ (തൈക്കാട്, തിരുവനന്തപുരം) നടക്കുന്ന അഭിമുഖത്തിൽ പങ്കെടുക്കണം.

## ജൈവവൈവിധ്യ കോൺഗ്രസ് മത്സരങ്ങളിൽ പങ്കെടുക്കാം

**ആലപ്പുഴ:** 16ാമത് കുട്ടികളുടെ ജൈവവൈവിധ്യ കോൺഗ്രസിന്റെ ഭാഗമായി സംസ്ഥാന ജൈവവൈവിധ്യ ബോർഡ് നടത്തുന്ന ജില്ല, സംസ്ഥാനതല മത്സരങ്ങളിൽ പങ്കെടുക്കുന്നതിന് സ്കൂൾ കുട്ടികളിൽ നിന്നും അപേക്ഷ ക്ഷണിച്ചു. ഉപന്യാസം, പ്രോജക്ട് അവതരണം, പെയിന്റിംഗ്, പെൻസിൽ ഡ്രോയിംഗ് എന്നിവയിലാണ് മത്സരം. താത്പര്യമുള്ളവർ സെപ്റ്റംബർ 10നകം ജില്ല കോഓർഡിനേറ്ററുടെ ഇമെയിൽ വിലാസത്തിൽ അപേക്ഷ നൽകണം. അപേക്ഷ ഫോറവും വിശദവിവരങ്ങളും www.keralabiodiverstiy.org എന്ന വെബ്സൈറ്റിൽ ലഭിക്കും. ഫോൺ: 04712724740.

## ബിരുദ/ബിരുദാനന്തര പ്രവേശനം

**ആലപ്പുഴ:** ഐ.എച്ച്.ആർ.ഡി.യുടെ കാർത്തികപ്പള്ളി കോളേജ് ഓഫ് അപ്ലൈഡ് സയൻസിൽ ബി.സി.എ., ബി.എസ് സി. കമ്പ്യൂട്ടർ സയൻസ്, ബി.കോം. കമ്പ്യൂട്ടർ ആപ്ലിക്കേഷൻ, ബി.കോം ഫിനാൻസ്, എം. കോം കോഴ്സുകളിലേക്ക് പ്രവേശനം നേടുന്നതിന് താത്പര്യമുള്ളവർ യോഗ്യത സർട്ടിഫിക്കറ്റുകൾ സഹിതം കോളജിൽ എത്തണം. ഫോൺ: 8547005018.

## ഗസ്റ്റ് അധ്യാപക ഒഴിവ്

**ആലപ്പുഴ:** സംസ്ഥാന വിനോദസഞ്ചാര വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന കിറ്റ്സിന്റെ (ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം ആന്റ് ട്രാവൽ സ്റ്റഡീസ്) മലയാറ്റൂർ/ എറണാകുളം പഠന കേന്ദ്രത്തിൽ ഹോട്ടൽ മാനേജ്മെന്റ് വിഷയത്തിൽ ഗസ്റ്റ് അധ്യാപക ഒഴിവ്. ഓഗസ്റ്റ് 25 വരെ അപേക്ഷ നൽകാം. വെബ്സൈറ്റ്: www.kittsedu.org ഫോൺ: 8848301113.

## അപേക്ഷ ക്ഷണിച്ചു

**ആലപ്പുഴ:** പ്രധാനമന്ത്രി മത്സ്യ സംപാദ യോജന 202223 വർഷത്തെ ജില്ലാ പ്ലാനിൽ ഉൾപ്പെടുത്തി അംഗീകാരം ലഭിച്ച മത്സ്യവിപണനത്തിനുള്ള മോട്ടോർ സൈക്കിളും ഐസ് ബോക്സും പദ്ധതിയിലെ ഒഴിവിലേക്ക് അപേക്ഷ ക്ഷണിച്ചു. 75000 യൂണിറ്റ് ചെലവ് വരുന്ന പദ്ധതിയ്ക്ക് 40 ശതമാനം സബ്സിഡി നൽകും. ഗുണഭോക്താവിന് ഫ് ബോർഡിൽ അംഗത്വം, ഡ്രൈവിംഗ് ലൈസൻസ് എന്നിവ ഉായിരിക്കണം. വെള്ളക്കടലാസിൽ തയ്യാറാക്കിയ അപേക്ഷ ഓഗസ്റ്റ് 25ന് വൈകിട്ട് അഞ്ചിനകം ബന്ധപ്പെട്ട മത്സ്യഭവൻ ഓഫീസിൽ നൽകണം. ഫോൺ: 0477 2251103, 0477 2252814.

# യുവജന കമ്മീഷൻ ജാഗ്രതാ സഭ രൂപീകരിച്ചു



**കൊച്ചി:** യുവജനങ്ങളുടെ മാനസികാരോഗ്യവും ശാരീരിക ക്ഷമതയും ഉറപ്പാക്കുന്ന നടപടിക്രമങ്ങൾ ആവിഷ്കരിക്കുക, ലഹരിയിൽ നിന്നും യുവതയെ സംരക്ഷിക്കുക, യുവജനങ്ങളെ ബാധിക്കുന്ന വിഷയങ്ങൾക്കെതിരായി കർമ്മപദ്ധതികൾ ആസൂത്രണം ചെയ്യുക എന്നീ ലക്ഷ്യങ്ങളോടെ സംസ്ഥാന യുവജന കമ്മീഷൻ വിവിധ പദ്ധതികൾ നടപ്പിലാക്കുന്നു. ഇതിന് മുന്നോടിയായി കേരളത്തിലെ  വിദ്യാർത്ഥി യുവജന സംഘടനാ പ്രതിനിധികൾ,സർവ്വകലാശാല, കോളേജ് യൂണിയൻ ഭാരവാഹികൾ, നാഷണൽ സർവീസ് സ്കീം, എൻ.സി.സി പ്രതിനിധികളെ ഉൾപ്പെടുത്തി ജില്ലാതലത്തിൽ  ജാഗ്രതാ സഭ രൂപീകരിച്ചു. പ്രഥമ ജില്ലാതല യോഗം  എറണാകുളം ഗസ്റ്റ് ഹൗസ് കോൺഫറൻസ് ഹാളിൽ സംഘടിപ്പിച്ചു. യുവജന കമ്മീഷൻ ചെയർമാൻ എം. ഷാജർ,  കമ്മീഷൻ അംഗങ്ങളായ ഡോ. പ്രിൻസി കുര്യാക്കോസ്, കെ. പി. പ്രമോഷ്, വി. വിനിൽ, റെനീഷ് മാത്യു, കമ്മീഷൻ സെക്രട്ടറി ഡാർളി ജോസഫ്, ലീഗൽ അഡ്വൈസർ വിനിത വിൻസെന്റ്, അസിസ്റ്റന്റ് പി.അഭിഷേക്, വിവിധ കോളേജ് വിദ്യാർത്ഥി പ്രതിനിധികൾ, യുവജന സംഘടനാ പ്രതിനിധികൾ  തുടങ്ങിയവർ പങ്കെടുത്തു.

# ജൈവ വൈവിധ്യ കോൺഗ്രസ്: അപേക്ഷ  ക്ഷണിച്ചു

**കൊച്ചി:** സംസ്ഥാന ജൈവ വൈവിധ്യ ബോർഡ് 16ാമത് കുട്ടികളുടെ ജൈവ വൈവിധ്യ കോൺഗ്രസിന്റെ ഭാഗമായി സ്കൂൾ കുട്ടികൾക്കായി സംസ്ഥാന  ജില്ലാതലത്തിൽ വിവിധ മത്സരങ്ങൾ സംഘടിപ്പിക്കുന്നു. ഉപന്യാസം മത്സരം, പെയിന്റിഗ് മത്സരം, പ്രോജക്ട് അവതരണം, പെൻസിൽ ഡ്രോയിങ് മത്സരം എന്നീ മത്സരങ്ങളാണ് സംഘടിപ്പിക്കുന്നത്. പൂരിപ്പിച്ച അപേക്ഷകൾ ജൈവവൈവിധ്യ ബോർഡ് ജില്ലാ കോ ഓഡിനേറ്ററുടെ ഇമെയിലിലേക്ക് അയക്കണം. അവസാന തീയതി സെപ്റ്റംബർ 10. കൂടുതൽ വിവരങ്ങൾക്കും അപേക്ഷ ഫോറത്തിനും www.keralabiodiverstiy.or-g എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

# പാറപ്പുറം  വല്ലംകടവ് പാലം 24ന് നാടിന് സമർപ്പിക്കും

**കൊച്ചി:** കാഞ്ഞൂർ ഗ്രാമപഞ്ചായത്തിലെ പാറപ്പുറത്തെയും പെരുമ്പാവൂർ നഗരസഭയിലെ വല്ലംകടവിനെയും ബന്ധിപ്പിച്ച് പെരിയാറിന് കുറുകെ നിർമ്മാണം പൂർത്തിയായ പാറപ്പുറം  വല്ലംകടവ് പാലത്തിന്റെ ഉദ്ഘാടനം  നാളെ രാവിലെ 9.30ന് പൊതുമരാമത്ത് വകുപ്പ് മന്ത്രി പി.എ മുഹമ്മദ് റിയാസ്  നിർവഹിക്കും. പാലത്തിനു സമീപത്ത് നടക്കുന്ന ചടങ്ങിൽ എൽദോസ് കുന്നപ്പിള്ളിൽ എം.എൽ.എ അധ്യക്ഷത വഹിക്കും. അൻവർ സാദത്ത് എം.എൽ.എ സ്വാഗതം ആശംസിക്കുന്ന ചടങ്ങിൽ ബെന്നി ബഹനാൻ എം.പി മുഖ്യാതിഥിയാകും.മുൻ നിയമസഭാ സ്പീക്കർ പി.പി തങ്കച്ചൻ, മുൻ എം.എൽ.എ സാജു പോൾ, ട്രാവൻകൂർ സിമന്റ് ലിമിറ്റഡ് ചെയർമാൻ ബാബു ജോസഫ്, ബാംബു കോർപ്പറേഷൻ ടി. കെ മോഹനൻ, ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് സനിത റഹീം, പെരുമ്പാവൂർ നഗരസഭ ചെയർമാൻ ബിജു ജോൺ ജേക്കബ്, വൈസ് ചെയർപേഴ്സൺ ബീവി അബൂബക്കർ,  അങ്കമാലി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കൊച്ചുത്രേസ്യ തങ്കച്ചൻ, തുടങ്ങിയവർ പങ്കെടുക്കും.9 സ്പാനുകളോട് കൂടി  289.45 മീറ്റർ നീളവും ഇരുവശത്തും നടപ്പാത ഉൾപ്പെടെ 11.23 മീറ്റർ വീതിയിലുമാണ് പാലം നിർമ്മിച്ചിരിക്കുന്നത്. പെരുമ്പാവൂർ  ആലുവ മണ്ഡലങ്ങളെ ബന്ധിപ്പിക്കുന്ന പാലം ഇടുക്കി, കോട്ടയം ജില്ലകളിൽ നിന്ന് നെടുമ്പാശ്ശേരി എയർപോർട്ടിലേക്ക് എത്തുന്നവർക്ക് എളുപ്പ വഴിയായി മാറും. പ്രദേശവാസികളുടെ ദീർഘകാലമായുള്ള വലിയ സ്വപ്നമാണ് പാലം ഗതാഗത്തിന് തുറന്നു കൊടുക്കുന്നതോടെ യാഥാർത്ഥ്യമാകുന്നത്.

# കേരളത്തിലെ ആദ്യ എഐ സ്കൂൾ തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്തു




**തിരുവനന്തപുരം:** കേരളത്തിലെ ആദ്യ എഐ സ്കൂൾ തിരുവനന്തപുരം പോത്തൻകോട് ശാന്തിഗിരി വിദ്യാഭവനിൽ മുൻ രാഷ്ട്രപതി  രാംനാഥ് കോവിന്ദ് ഉദ്ഘാടനം ചെയ്തു. സംസ്ഥാനത്തെ ആദ്യ എഐ സ്കൂളായി അപ്ഗ്രേഡ് ചെയ്യുന്ന പ്രഖ്യാപനവും അദ്ദേഹം നടത്തി. 00 വിദ്യാർത്ഥികൾക്ക് സൗജന്യമായി സിവിൽ സർവീസസ് പരിശീലനം നൽകുന്ന വേദിക് ഐഎഎസ് അക്കാദമിയുടെ പദ്ധതിക്കും തുടക്കം കുറിച്ചു.കേരള ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ മുഖ്യാതിഥിയായി പങ്കെടുത്തു. ഭക്ഷ്യ സിവിൽസപ്ലൈസ് മന്ത്രി  ജിആർ അനിൽ അധ്യക്ഷത വഹിച്ചു. ശാന്തിഗിരി ആശ്രമം ജനറൽ സെക്രട്ടറി സ്വാമി ഗുരുരത്നം ജ്ഞാന താപസി, പ്രസിഡന്റ് സ്വാമി ചൈതന്യ ജ്ഞാന താപസി, വേദിക് ഇ സ്കൂൾ ചാൻസലർ ഡോ. ബാബു സെബാസ്റ്റ്യൻ എന്നിവർ പങ്കെടുത്തു. യുഎസിലെ ഐ ലേണിങ് എൻജിൻസുംവേദിക് ഇ സ്കൂളുമായി സഹകരിച്ചാണ്  പോത്തൻകോട് ശാന്തിഗിരി വിദ്യാഭവനിലെഎഐ സ്കൂൾ  പ്രവർത്തിക്കുന്നത്. 130 ഓളം മുൻ ചീഫ് സെക്രട്ടറിമാരും, ഡിജിപിമാരും, വൈസ് ചാൻസലർമാരും അടങ്ങുന്ന കമ്മിറ്റിയാണ് വേദിക് ഇ സ്ക്കൂളിന് നേതൃത്വം നൽകുന്നത്. ലോകത്തെ ഏറ്റവും നൂതനമായ വിദ്യാഭ്യാസ പ്ലാറ്റ്ഫോം ആയ ഐ ലേണിങ്ങ് എൻജിൻസിന്റെ (യുഎസ്എ)  ലേണിങ് പ്ലാറ്റ്ഫോം വഴിയാണ് വേദിക് ഇ സ്ക്കൂൾ സേവനങ്ങൾ വിദ്യാർത്ഥികൾക്ക് നൽകുന്നത്.ആർട്ടിഫിഷ്യൽ ഇൻറലിജൻസ് സാങ്കേതിക വിദ്യയുടെ സഹായത്തോടെ വിദ്യാർത്ഥികൾക്ക്  അന്താരാഷ്ട്ര നിലവാരത്തിലുള്ളതും ഗുണമേന്മയേറിയതുമായ പഠനാവസരം ഉറപ്പാക്കുന്ന നൂതന പഠനരീതിയാണ് എഐ സ്ക്കൂൾ. സ്ക്കൂൾ സമയം കഴിഞ്ഞും സ്ക്കുൾ  വെബ്സൈറ്റ് വഴി സ്കുൾ പഠനത്തിന്റെ അതേ അനുഭവം വിദ്യാർത്ഥികൾക്ക് ഇതിലൂടെ ലഭ്യമാകുന്നു.പുതിയ ദേശിയ വിദ്യാഭ്യാസ നയത്തെ (ചള്ളജ 2020) അടിസ്ഥാനമാക്കി ദേശീയ സ്കൂൾ അക്രഡിറ്റേഷൻ മാനദണ്ഡങ്ങൾക്ക് അനുസൃതമായി തയ്യാറാക്കിയിരിക്കുന്നതിനാൽ ഉയർന്ന ഗ്രേഡ് നേടാൻ ഇത് സ്കൂളുകളെ പ്രാപ്തമാക്കുന്നു.8 മുതൽ 12 വരെ ക്ലാസുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കാണ് എഐ സ്ക്കൂളിന്റെ പ്രയോജനം ആദ്യ ഘട്ടത്തിൽ  ലഭ്യമാകുന്നത്. മൾട്ടി ടീച്ചർ റിവിഷൻ സപ്പോർട്ട്, മൾട്ടിലെവൽ അസസ്മെൻറ്, ആപ്റ്റിറ്റ്യൂഡ് ടെസ്റ്റ്, സൈക്കോമെട്രിക് കൗൺസിലിങ്ങ്,  കരിയർ മാപ്പിങ്, എബിലിറ്റി എൻഹാൻസ്മെൻറ്, മെമ്മറി ടെക്നിക്സ്, കമ്മ്യൂണിക്കേഷൻ റൈറ്റിങ്ങ് സ്കിൽസ്, ഇൻറർവ്യൂ ഗ്രൂപ്പ് ഡിസ്കഷൻ സ്കിൽസ്, ഗണിത ശാസ്ത്ര നൈപുണ്യം, പെരുമാറ്റ മര്യാദകൾ, ഇംഗ്ലീഷ് ഭാഷാ വൈഭവം, വൈകാരിക മാനസിക ശേഷികളുടെ വികാസം എന്നിവയ്ക്കുള്ള പരിശീലനം എഐ സ്ക്കൂളിലൂടെ നൽകും. ഉന്നത സർവീസുകളിലേക്കുള്ള മത്സര പരീക്ഷകൾക്കും, ജെഇഇ, നീറ്റ്, മാറ്റ്, ക്യുവറ്റ്, ക്ലാറ്റ്, ജി മാറ്റ്, ജിആർഇ എന്നിവയിലേക്കുള്ള എൻട്രൻസ് പരീക്ഷകൾക്കും,  ഐഇഎൽടിഎസ് മുതലായ ഭാഷാശേഷി പരിശോധിക്കുന്ന ടെസ്റ്റുകൾക്കും ഇവിടെ പരിശീലനം ലഭ്യമാണ്. ഉന്നത പീനത്തിനുള്ള സ്കോളർഷിപ്പുകൾക്കും മികച്ച വിദേശ സർവകലാശകളിലെ ഉപരി പഠനത്തിനും ഗൈഡൻസ് തുടങ്ങി നിരവധി സേവനങ്ങൾ അനുബന്ധമായുണ്ട്. വളരെ തുച്ഛമായ ഫീസിൽ ഏറ്റവും ഗുണമേൻമയേറിയ വിദ്യാഭ്യാസ സേവനങ്ങൾ വിദ്യാർത്ഥികളിൽ എത്തിക്കാൻ ഇതിലൂടെ കഴിയുന്നു. സ്ക്കുളുകൾക്ക് യാതൊരു അധിക സാമ്പത്തിക ബാധ്യതയും ഉണ്ടാകാത്ത വിധം പൂർണമായും സ്ക്കൂൾ വെബ്സൈറ്റ് വഴി നിർമിതബുദ്ധിയിൽ അധിഷ്ഠിതമായ ഡിജിറ്റൽ ഉള്ളടക്കമാണ് സ്ക്കുളുകൾക്കും വിദ്യാർത്ഥികൾക്കും ലഭ്യമാക്കുക.. ഹൈബ്രിഡ് മോഡലിലാണ് എഐ സ്കൂളിന്റെ പഠന രീതി ക്രമീകരിച്ചിരിക്കുന്നത്. ഇങ്ങനെ സ്ക്കൂളുകളിൽ അധ്യാപകരുടെ പരിശ്രമങ്ങളെ പുർണമായും പിന്തുണച്ചുകൊണ്ട്  പീനം സമഗ്രവും ആഴത്തിലുള്ളതും, ആനന്ദകരവും അനായാസവുമാക്കാൻ  ഇത് വഴി സാധിക്കും. പഠനം, പരീക്ഷ, മത്സരപരീക്ഷകൾ എന്നിവ സംബന്ധിച്ച് വിദ്യാർത്ഥികൾക്കും മാതാപിതാക്കൾക്കുമുള്ള പല ടെൻഷനുകൾക്കും ഈ പാഠ്യരീതി സമ്പൂർണ പരിഹാരമാകും. മാതാപിതാക്കൾക്ക് തങ്ങളുടെ കുട്ടികളുടെ പഠനമികവ് അപ്പപ്പോൾ വിലയിരുത്താൻ സാധിക്കും. ശരാശരി വിദ്യാർത്ഥികളെ പോലും ഉന്നത വിജയത്തിന് ഇത് സജ്ജമാക്കുന്നു.

# മനുഷ്യൻ മനുഷ്യനെ ചേർത്തുപിടിക്കുന്നത്താണ് കർഷക കൂട്ടായ്മകളുടെ വിജയം

**കൊച്ചി:** മനുഷ്യൻ മനുഷ്യനെ ചേർത്തുപിടിക്കുന്ന ഇടം ഉണ്ടാവുകയാണ് കർഷക  കൂട്ടായ്മകളുടെ വിജയമെന്ന് നടൻ ഇർഷാദ് അലി. കാർഷികോത്സവം 2023 പ്രദർശന വിപണന മേളയുടെ മൂന്നാം ദിവസത്തെ സാംസ്കാരിക സായാഹ്നം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. പാടത്തെ പണിക്കാർ എന്ന പേരിൽ മാറ്റി നിർത്താതെ കർഷകർ ഉന്നതിയിലേക്ക് എത്തുന്ന കാലം വരണം. കൂട്ടുകൂടുമ്പോൾ നിറഞ്ഞൊഴുകുന്നത് സ്നേഹമാണ് അത് പകരുന്നത് വല്ലാത്തൊരു ഊർജ്ജമാണെന്നും ജാതിയുടെയും മതത്തിന്റെയും വർണ്ണത്തിന്റെയും അതിരുകളില്ലാതെ പരസ്പരം ചേർത്തുപിടിക്കുന്ന ഇത്തരം ആഘോഷങ്ങൾ ഒരിക്കലും നഷ്ടപ്പെടുത്താതിരിക്കണമെന്നും അദ്ദേഹം പറഞ്ഞു. എല്ലാ ആഘോഷങ്ങളും കൂടിച്ചേരലുകളാണ്. ഇത്തരം ഉത്സവങ്ങൾ കൂട്ടായ്മയുടെയും സ്നേഹത്തിന്റെയും വലിപ്പം വർദ്ധിപ്പിക്കുന്നുവെന്നും ഇർഷാദ് അലി പറഞ്ഞു. കൃഷിക്കൊപ്പം കളമശ്ശേരി




പദ്ധതിയുടെ ഭാഗമായി പ്രാദേശികമായി വികസിപ്പിച്ച കാർഷിക ഉത്പന്നങ്ങൾ മന്ത്രി പി രാജീവ് ഇർഷാദ് അലിക്ക് സമ്മാനിച്ചു.

# പഴക്കൃഷിയെ തോട്ടവിളയായി കണക്കാക്കുന്നത് സജീവ പരിഗണനയിൽ: മന്ത്രി പി രാജീവ്




**കൊച്ചി:** പഴക്കൃഷിയെ തോട്ടവിളയായി കണക്കാക്കുന്നത് സർക്കാരിൻറെ സജീവ പരിഗണനയിലാണെന്ന് വ്യവസായ മന്ത്രി പി രാജീവ് പറഞ്ഞു. ഭക്ഷ്യസംസ്ക്കരണ മേഖലയ്ക്കായി കൊച്ചിയിൽ നടത്തിയ പ്രാദേശിക വ്യവസായ സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.കേന്ദ്ര ഭക്ഷ്യ സംസ്ക്കരണ വകുപ്പും കേരള സർക്കാരും ചേർന്ന് നടത്തുന്ന വേൾഡ് ഫുഡ് ഇന്ത്യ വ്യവസായ സംഗമത്തിന് മുന്നോടിയായാണ് പ്രാദേശിക വ്യവസായസമ്മേളനം നടത്തിയത്. നവംബർ മൂന്നു മുതൽ അഞ്ചുവരെ ഡൽഹി പ്രഗതി മൈതാനിയിൽ നടക്കുന്ന വേൾഡ് ഫുഡ് ഇന്ത്യ സംഗമത്തിൻറെ സ്റ്റേറ്റ് പാർട്ണർ ആണ് കേരളം.തോട്ടവിളകളെ വ്യവസായ വകുപ്പിന് കീഴിലേക്ക് എത്തിച്ചു കൊാണ് സംസ്ഥാന സർക്കാർ പുതിയ വ്യവസായനയം പ്രഖ്യാപിച്ചതെന്ന് മന്ത്രി പറഞ്ഞു. ഇതിൻറെ ചുവടുപിടിച്ചാണ് പഴക്കൃഷിയെക്കൂടി തോട്ടവിളയായി പരിഗണിക്കാനാകുമോയെന്ന് സംസ്ഥാന സർക്കാർ പരിശോധിക്കുന്നത്. ഉടൻ തന്നെ സർക്കാർ ഇതു സംബന്ധിച്ച തീരുമാനമെടുക്കുമെന്നും മന്ത്രി അറിയിച്ചു.സംസ്ഥാനത്താദ്യമായി ആരംഭിക്കുന്ന സ്പൈസ് പ്രോസസിംഗ് പാർക്ക് സെപതംബറിൽ തൊടുപുഴയിൽ ഉദ്ഘാടനം നടത്തുമെന്ന് മന്ത്രി അറിയിച്ചു. സംസ്ഥാനത്തെ ആദ്യ കാർബൺ ന്യൂട്രൽ പാർക്കിനും ഒക്ടോബറിൽ തറക്കല്ലിടും. പരമ്പരാഗതമായ ഭക്ഷ്യസംസ്ക്കരണ ശീലങ്ങളിൽ നിന്നും നാം മാറി ചിന്തിക്കേ്. ലോകവിപണിയെ ലക്ഷ്യം വച്ചു കൊാകണം ഓരോ ഭക്ഷ്യസംസ്ക്കരണ യൂണിറ്റും പ്രവർത്തിക്കേ്.ഭക്ഷ്യസംസ്ക്കരണ മേഖലയിൽ നിരവധി പദ്ധതികളാണ് സംസ്ഥാന സർക്കാർ കൊുവന്നിട്ടുള്ളത്. 39,000 പുതിയ ഭക്ഷ്യ സംസ്ക്കരണ യൂണിറ്റുകൾ കേരളത്തിൽ ഒരു വർഷത്തിനകം രജിസ്റ്റർ ചെയ്തു. സ്വകാര്യ വ്യവസായ പാർക്കുകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ച് ക്യാമ്പസ് വ്യവസായ പാർക്കുകൾ എന്നിവയും സംസ്ഥാനത്തിൻറെ വ്യവസായ മേഖലയിൽ പുരോഗതി കൊു വരും. കുറഞ്ഞത് പത്ത് ഏക്കർ സ്ഥലത്ത് തുടങ്ങുന്ന സ്വകാര്യ വ്യവസായ പാർക്കുകൾക്ക് മൂന്ന് കോടി രൂപയുടെ സഹായം നൽകും. ഇതു വരെ എട്ട് പാർക്കുകൾക്ക് അനുമതി നൽകി, ആറെണ്ണം പരിഗണനയിലാണ്. 25 പാർക്കുകൾ ഓൺലൈനായി അപേക്ഷ നൽകിയിട്ടു്. കിൻഫ്ര വഴി പത്ത് ചെറുകിട ഫുഡ് പാർക്കുകൾ തുടങ്ങും. പത്തേക്കറെങ്കിലും പാർക്കുകൾക്ക് സ്ഥലം ആവശ്യമാണ്. അടിസ്ഥാന സൗകര്യ വികസനത്തിന് പാർക്കൊന്നിന് പത്തു കോടി രൂപ നൽകും.നൂതനത്വമാണ് ഭക്ഷ്യസംസ്ക്കരണ മേഖലയിൽ അത്യാവശ്യമായി ഏർപ്പെടുത്തേത്. നാനോജീനോം സാങ്കേതിവിദ്യ തുടങ്ങിയവയ്ക്ക് ഈ മേഖലയിൽ അത്ഭുതങ്ങൾ സൃഷ്ടിക്കാനാകും. രാജ്യത്തെ ആദ്യ ജീനോം ഡാറ്റാ സെൻറർ കേരളത്തിൽ അടുത്തിടെ പ്രവർത്തനമാരംഭിച്ചിട്ടു്. വ്യവസായമേഖലയ്ക്ക് ഈ ഡാറ്റാസേവനങ്ങൾ ഉപയോഗിക്കാവുന്നതാണെന്നും വ്യവസായമന്ത്രി പറഞ്ഞു.മൂല്യവർധിത ഉത്പന്നങ്ങളിൽ കൂടുതൽ നൂനത്വവും ശാസ്ത്രീയ സാങ്കേതിക വിദ്യയും ഉപയോഗിക്കണമെന്ന് വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി എപിഎം മുഹമ്മദ് ഹനീഷ് പറഞ്ഞു. നവ വിപണികളായ ആഫ്രിക്ക, കിഴക്കൻ യൂറോപ്പ്, ലാറ്റിനമേരിക്ക എന്നിവിടങ്ങളിലേക്ക് കടന്നു കയറാൻ നമ്മുടെ ഭക്ഷ്യ വ്യവസായത്തിന് സാധിക്കണം. അതിന് ലോകനിലവാരത്തിലുള്ള മൂല്യവർധിത ഉത്പന്നങ്ങൾ വേണം. ഗൾഫ് രാജ്യങ്ങൾക്കപ്പുറത്തേക്കുള്ള വിപണിയെക്കുറിച്ച് ഭക്ഷ്യവ്യവസായം ശ്രദ്ധിക്കണമെന്നും അദ്ദേഹം പറഞ്ഞു.കേന്ദ്ര ഭക്ഷ്യ സംസ്ക്കരണ വകുപ്പ് അഡി. സെക്രട്ടറി മിൻഹാജ് ആലം, കെഎസ്ഐഡിസി എംഡിയും വ്യവസായ വകുപ്പ് ഡയറക്ടറുമായ എസ് ഹരികിഷോർ, കെഎസ്ഐഡിസി ചെയർമാൻ പോൾ ആൻറണി തുടങ്ങിയവർ സംസാരിച്ചു.ഭക്ഷ്യ സംസ്ക്കരണ വ്യവസായ മേഖലയ്ക്ക് ആവശ്യമായ സഹകരണം, പിന്തുണ എന്നിവയെക്കുറിച്ചുള്ള വിശദമായ ചർച്ചയും ചോദ്യോത്തരവും വേൾഡ് ഫുഡ് ഇന്ത്യിച്ചുള്ള അവതരണവും പരിപാടിയിൽ നടന്നു.

# സമം: ചിത്രകാര സംഗമത്തിന് തുടക്കം

**കൊച്ചി:** സമം സ്ത്രീ സുരക്ഷയ്ക്കായി സാംസ്ക്കാരിക മുന്നേറ്റം ജില്ലാ പരിപാടിയുടെ ഭാഗമായി സംഘടിപ്പിക്കുന്ന ചിത്രകാര സംഗമത്തിന് തുടക്കമായി. സംസ്ഥാന സർക്കാർ, സാംസ്കാരിക വകുപ്പ്, കേരള ലളിതകലാ അക്കാദമി, ജില്ലാ പഞ്ചായത്ത് എന്നിവയുടെ സഹകരണത്തോടെയാണ് പരിപാടി സംഘടിപ്പിക്കുന്നത്. കാക്കനാട് കമ്മ്യൂണിറ്റി ഹാളിൽ ആരംഭിച്ച ചിത്രകാര സംഗമം കേരള ഷിപ്പിംഗ് ആൻഡ് ഇൻലാൻഡ് നാവിഗേഷൻ കോർപ്പറേഷൻ ലിമിറ്റഡ് മാനേജിങ് ഡയറക്ടർ ആർ. ഗിരിജ ഉദ്ഘാടനം ചെയ്തു. ജനപ്രതിനിധികളും ഉദ്യോഗസ്ഥരും ഒന്നിച്ച് പ്രവർത്തിച്ചാൽ മാത്രമേ ഏതൊരു പ്രവർത്തനത്തിനും വിജയം കാണാൻ സാധിക്കൂ എന്ന് ആർ. ഗിരിജ പറഞ്ഞു. വനിതകൾ കൂടുതൽ ഉന്നമനത്തോടെ മുന്നോട്ട് വരുന്ന കാലമാണിത്. കുടുംബശ്രീ പ്രസ്ഥാനങ്ങളിലൂടെ 25 വർഷം മുമ്പ് അടുക്കളയിൽ ആയിരുന്നവർ ഇന്ന് ഏറെ മുന്നോട്ടു പോയിട്ടു്. ജനപ്രതിനിധികളായും സംരംഭകരായും വനിതകൾ എല്ലാ മേഖലകളിലും കരുത്ത് തെളിയിച്ചുകൊിരിക്കുകയാണ്. ഇത്തരത്തിൽ എല്ലാ മേഖലകളിലും പ്രവർത്തിച്ച് സ്ത്രീകൾക്ക് ജീവിതം കൂടുതൽ ക്രിയാത്മകമായി മുന്നോട്ടുപോകാൻ സാധിക്കട്ടെ എന്നും അവർ പറഞ്ഞു.ഗ്രാമീണ മേഖലയിലെ സ്ത്രീകൾക്ക് അവരുടെ അഭിരുചികൾ, താല്പര്യങ്ങൾ എന്നിവ പ്രദർശിപ്പിക്കുന്നതിനുള്ള ഒരു അവസരമാണ് സമം പരിപാടിയുടെ ഭാഗമായുള്ള ചിത്രകാര സംഗമം എന്ന് ചടങ്ങിൽ അധ്യക്ഷത വഹിച്ചുകൊ് സംസാരിച്ച ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഉല്ലാസ് തോമസ് പറഞ്ഞു.ഗ്രാമീണ മേഖലകളിൽ നിന്നും തിരഞ്ഞെടുത്ത ആറ് വനിതകളും ജില്ലാ പഞ്ചായത്ത് തിരഞ്ഞെടുത്ത 15 പ്രാദേശിക കലാകാരികളുമാണ് ചിത്രകാര സംഗമത്തിൽ പങ്കെടുക്കുന്നത്.കേരള ലളിതകലാ അക്കാദമി സെക്രട്ടറി എൻ. ബാലമുരളീകൃഷ്ണൻ, ജില്ലാ പഞ്ചായത്ത് മെമ്പർമാരായ കെ ജി ഡോണാ മാസ്റ്റർ, റാണിക്കുട്ടി ജോർജ്, മനോജ് മൂത്തേടൻ, കെ വി രവീന്ദ്രൻ തുടങ്ങിയവർ പങ്കെടുത്തു.

# ആശാഭവൻ അന്തേവാസികൾക്ക് ഓണസദ്യ വിളമ്പി കളക്ടർ



**കൊച്ചി:** സാമൂഹ്യനീതി വകുപ്പിനു കീഴിലുള്ള കാക്കനാട് ആശാഭവനിലെ അന്തേവാസികൾക്ക് ഓണസദ്യ വിളമ്പി ജില്ലാ കളക്ടർ എൻ.എസ്.കെ. ഉമേഷും അസിസ്റ്റന്റ് കളക്ടർ നിഷാന്ത് സിഹാരയും. തുടർന്ന് ഇരുവരും അന്തേവാസികൾക്കൊപ്പം ഓണസദ്യയും കഴിച്ചു. ആശാഭവനിലെ ഓണാഘോഷ പരിപാടികൾ കളക്ടർ ഉദ്ഘാടനം ചെയ്തു. ഇവിടെ സ്ഥാപിച്ച ബയോഗ്യാസ് പ്ലാന്റിന്റെ ഉദ്ഘാടനവും കളക്ടർ നിർവഹിച്ചു. പ്ലാന്റിൽ നിന്നുള്ള പാചകവാതകം ഉപയോഗിച്ചുള്ള അടുപ്പിന്റെ പ്രവർത്തനവും കളക്ടർ ഉദ്ഘാടനം ചെയ്തു. ബയോടെക് റിന്യൂവബിൾ എനർജി പ്രൈവറ്റ് ലിമിറ്റഡാണ് ബയോ ഗ്യാസ് പ്ലാന്റ് സ്പോൺസർ ചെയ്തത്. ആശാഭവനിലെ ഓണാഘോഷ പരിപാടികളിൽ പങ്കെടുത്ത കളക്ടർ ഏവർക്കും ഓണാശംസകൾ നേർന്നു. ജാതിക്കും മതത്തിനും അതീതമായി എല്ലാവരും ഒരേ കുടുംബമാണെന്ന സന്ദേശമാണ് ഓണം നൽകുന്നതെന്ന് അദ്ദേഹം പറഞ്ഞു. ഓണാഘോഷ പരിപാടികളുടെ ഭാഗമായി സംഘടിപ്പിച്ച ക്യാരംസ് മത്സരത്തിൽ വിജയികളായ കണ്ണൻ, സാബു എന്നിവർക്കുള്ള സമ്മാനങ്ങളും കളക്ടർ വിതരണം ചെയ്തു. തുടർന്ന് അന്തേവാസികളുടെ കലാപ്രകടനങ്ങൾ നടന്നു. നേരത്തേ അന്തേവാസികൾക്ക് ഓണക്കോടിയും വിതരണം ചെയ്തിരുന്നു.തൃക്കാക്കര നഗരസഭ ചെയർപേഴ്സൺ രാധാമണി പിള്ള ചടങ്ങിൽ അധ്യക്ഷത വഹിച്ചു. വാർഡ് കൗൺസിലർ വി.ഡി. സുരേഷ്, ഗവ. പ്രസ് ഡെപ്യൂട്ടി സൂപ്ര് ആർ. രശ്മി, ബയോടെക് എം.ഡി. ഡോ. എ. സജി ദാസ്, ഗവ. പ്രസ് എംപ്ലോയീസ് ലൈബ്രറി ആർട്ട്സ് ആന്റ് റിക്രിയേഷൻ ക്ലബ്ബ് പ്രസിഡന്റ് ബോസ് കെ. പോൾ, ആശാഭവൻ നഴ്സ് ലക്ഷ്മി പ്രിയ, ആശാഭവൻ സൂപ്ര് കെ.ജെ. ജോൺ ജോഷി തുടങ്ങിയവർ പങ്കെടുത്തു.

## ഡ്രൈവിംഗ് സ്കൂളുകളിലെ പരിശീലന വാഹനങ്ങളുടെ പരിശോധന ഇന്ന്

**കൊച്ചി:** ഡ്രൈവിംഗ് സ്കൂളുകളിൽ ചട്ടപ്രകാരം ലൈസൻസ് കരസ്ഥമാക്കാത്ത വാഹനങ്ങൾ അനധികൃതമായി പരിശീലനത്തിന് ഉപയോഗിക്കുന്നതായി കത്തെിയ സാഹചര്യത്തിൽ ജില്ലയിലെ ഡ്രൈവിംഗ് സ്കൂളുകളിലെ വാഹനങ്ങളിൽ പരിശോധന നടത്തുന്നു. ബുധനാഴ്ച രാവിലെ എട്ടു മുതൽ റീജണൽ ട്രാൻസ്പോർട്ട് ഓഫീസർ ജി. അനന്തകൃഷ്ണന്റെ നേതൃത്വത്തിൽ കാക്കനാട് ഡ്രൈവിംഗ് ടെസ്റ്റ് ഗ്രൗിൽ പരിശോധന നടക്കും.
വാഹനങ്ങളിൽ പരിശോധന നടത്തി കൃത്യമായ ലൈസൻസ് ഉള്ള വാഹനങ്ങളിൽ പ്രത്യേക ബോണറ്റ് നമ്പറോടുകൂടിയ സ്റ്റിക്കറുകൾ മുൻഭാഗത്തും പുറകിലും പതിപ്പിക്കും. അംഗീകൃത പരിശീലന വാഹനങ്ങൾ പൊതുജനങ്ങൾക്ക് തിരിച്ചറിയുന്നതിനാണ് ഇത് നടപ്പിലാക്കുന്നത്.അംഗീകൃത വാഹനങ്ങളിൽ മാത്രമേ പരിശീലനം നൽകാൻ പാടുള്ളൂ. ജില്ലയിലെ എല്ലാ ഡ്രൈവിംഗ് സ്കൂളുകളും വാഹന പരിശോധനയ്ക്കായി എത്തണമെന്ന് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ അറിയിച്ചു.

## ഡിപ്ലോമ ഇൻ എയർലൈൻ എയർപോർട്ട് മാനേജ്മെന്റ് കോഴ്സ് : അപേക്ഷ 26 വരെ

**കൊച്ചി:** സംസ്ഥാന പൊതുവിദ്യാഭ്യാസവകുപ്പിന് കീഴിലുള്ള സ്റ്റേറ്റ് റിസോഴ്സ് സെന്ററിന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന എസ്.ആർ.സി കമ്മ്യൂണിറ്റി കോളേജ് 2023 ജൂലൈ സെഷനിൽ ആരംഭിക്കുന്ന ഡിപ്ലോമ ഇൻ എയർലൈൻ ആൻഡ് എയർപോർട്ട് മാനേജ്മെന്റിന് പ്രോഗ്രാമിലേക്ക് പ്ലസ് ടു അഥവാ തത്തുല്യ യോഗ്യത ഉള്ളവർക്ക് അപേക്ഷിക്കാം. അംഗീകൃത പഠന കേന്ദ്രങ്ങളുടെ നേതൃത്വത്തിലാണ് സമ്പർക്ക ക്ലാസ്സുകൾ ക്രമീകരിച്ചിട്ടുള്ളത്. വിവിധ എയർപോർട്ടുകളിൽ ഇന്റേൺഷിപ്പ് ഈ പ്രോഗ്രാമിന്റെ ഭാഗമായി ഉൾപ്പെടുത്തിയിട്ടു്. പ്രോഗ്രാമിൽ മികവ് പുലർത്തുന്നവർക്ക് തൊഴിൽ ഉറപ്പുവരുത്തുന്നതിനുള്ള സേവനങ്ങളും എയർപോർട്ട് മാനേജ്മെന്റ് രംഗത്തുള്ള ഏജൻസികളുടെ സഹകരണത്തോടെ നടത്തുന്നതാണ്. അപേക്ഷകൾ സമർപ്പിക്കേ അവസാന തീയതി ഓഗസ്റ്റ് 26. വിശദവിവരങ്ങൾ തിരുവനന്തപുരം നന്ദാവനത്തിലുള്ള എൻ ആർ സി ഓഫീസിൽ നിന്ന് നേരിട്ട് ലഭിക്കും. വിലാസം: ഡയറക്ടർ, സ്റ്റേറ്റ് റിസോഴ്സ് സെന്റർ നന്ദാവനം, വികാസ് ഭവൻ പി ഒ, തിരുവനന്തപുരം 33. വിശദവിവരങ്ങൾ ഠഠഠ.ൃെരര.ശി എന്ന വെബ്സൈറ്റിലും ലഭിക്കും.ഫോൺ: 04712570471, 9846033009. 9846033001.

# പറവൂർ താലൂക്ക് ആശുപത്രിക്ക് 3 ഡയാലിസിസ് മെഷീനുകൾ



**കൊച്ചി:** ഹൈബി ഈഡൻ എം പിയുടെ പ്രാദേശിക വികസന നിധിയിൽ നിന്നും അനുവദിച്ച ഫ് ഉപയോഗിച്ച് പറവൂർ താലൂക്ക് ആശുപത്രിയിലേക്ക് പുതുതായി നൽകിയ 3 ഡയാലിസിസ് മെഷീനുകൾ ?കൈമാറി. മെഷീനുകളുടെ ഉദ്ഘാടനം നഗരസഭ ചെയർമാൻ ബീന ശശിധരന് കൈമാറി ഹൈബി ഈഡൻ എം.പി നിർവഹിച്ചു. 25 ലക്ഷം രൂപയായിരുന്നു പദ്ധതിക്കായി അനുവദിച്ചിരുന്നത്. എന്നാൽ 18 ലക്ഷം രൂപയാണ് പദ്ധതിക്ക് ചെലവ് വന്നത്. അനുവദിച്ച തുകയുടെ ബാക്കി തുക ആശുപത്രിയുടെ മറ്റു ആവശ്യങ്ങൾക്ക് വിനിയോഗിക്കാനുള്ള നടപടി സ്വീകരിക്കുമെന്ന് എം പി. പറഞ്ഞു. നഗരസഭ ചെയർമാൻ അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ ചടങ്ങിൽ വൈസ് ചെയർമാൻ എം.ജെ രാജു സ്ഥിരം സമിതി അധ്യക്ഷരായ ശ്യാമള ഗോവിന്ദൻ, അനു വട്ടത്തറ, സജി നമ്പിയത്ത്, കെ.ജെ. ഷൈൻ, വാർഡ്കൗൺസിലർ ഗീത ബാബു, കൗ ൺസിലർമാരായ സുകുമാരി പി.ഡി, ലിജി ലൈഘോഷ്,, ജഹാൻഗീർ, ഇ. ജി ശശി, ഗിരീഷ് ജി, മുൻ ചെയർമാൻ രമേശ് ഡി കുറുപ്പ് ആശുപത്രി സൂപ്ര് ആശ കെ ജോൺ, എച്ച് എം സി അംഗങ്ങൾ എന്നിവർ പങ്കെടുത്തു.

# എല്ലാ ശബ്ദങ്ങളെയും ഗൗരവമായി എടുക്കണം : ഫാ. ബോബി ജോസ് കട്ടികാട്



കൊച്ചി: എല്ലാ ശബ്ദങ്ങളെയും ഗൗരവമായി എടുക്കണമെന്ന് ഫാ. ബോബി ജോസ് കട്ടികാട്.ഹാർമണിയുടെ മാത്രമല്ല ചലഞ്ചിന്റെയും പ്രശ്നമാണത്. ആൾക്കൂട്ടം എന്നൊരു സംഭവത്തിന്റെ ആത്മാവിനെ കുറിച്ച് നാം വിചാരിക്കുകയും ധ്യാനിക്കുകയും ചെയ്യേതാണ്. ചാവറ കൾച്ചറൽ സംഘടിപ്പിച്ച സമവായം സഹവർത്തിത്വം ഉദ്ഘാടനം ചെയ്ത് പ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം.അഞ്ചു തരത്തിലുള്ള മനുഷ്യവിധിക്കായി കാത്തിരിക്കണമെന്ന് സമകാലിക പൊതുസമൂഹത്തിലെ സഹവർത്തിത്വകുറവിനെയും സമവായ ശ്രമങ്ങളിലെ പാളിച്ചകളെയും ചൂിക്കാട്ടികൊ് ഫാ. ബോബി ജോസ് പറഞ്ഞു.കലൂർ ശ്രീരാമകൃഷ്ണ സേവാശ്രമം സ്വാമി പുരന്ദരാനന്ദ മഹാരാജ്, ചാവറ കൾച്ചറൽ സെന്റർ ഡയറക്ടർ ഫാ. അനിൽ ഫിലിപ്പ് സി.എം.ഐ., കൊച്ചി കോർപ്പറേഷൻ കൗൺസിലർ പത്മജ എസ്. മേനോൻ എന്നിവർ പ്രസംഗിച്ചു.

## വീഡിയോ എഡിറ്റിങ് കോഴ്സിന് അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** സർക്കാർ സ്വയംഭരണസ്ഥാപനമായ കേരള മീഡിയ അക്കാദമിയുടെ കൊച്ചി സെന്ററിൽ സെപ്റ്റംബർ മാസം തുടങ്ങുന്ന വീഡിയോ എഡിറ്റിംഗ് സർട്ടിഫിക്കറ്റ് കോഴ്സിന് അപേക്ഷ ക്ഷണിച്ചു. തിയറിയും പ്രാക്ടിക്കലും ഉൾപ്പെടെ 6 മാസമാണ് കോഴ്സിന്റെ കാലാവധി. 30 പേർക്കാണ് പ്രവേശനം. നൂതന സോഫ്റ്റ്വെയറുകളിൽ പരിശീലനം നൽകും. കോഴ്സിന്റെ ഭാഗമായി പ്രായോഗിക പരിശീലനവും നൽകും. സർക്കാർ അംഗീകാരമുള്ള കോഴ്സിന് 34,500/ രൂപയാണ് ഫീസ്. പട്ടികജാതി/പട്ടികവർഗ/ ഒ.ഇ.സി വിദ്യാർത്ഥികൾക്ക് അർഹമായ ആനുകൂല്യങ്ങൾ ലഭിക്കും. പ്ലസ് ടു വിദ്യാഭ്യാസ യോഗ്യതയുള്ളവർക്ക് www.keralamediaacademy.org വെബ്സൈറ്റിലൂടെ ഓൺലൈനായി അപേക്ഷ സമർപ്പിക്കാം. അപേക്ഷാഫീസ് 300 രൂപ (പട്ടികജാതി, പട്ടികവർഗ, ഒ.ഇ.സി. വിഭാഗക്കാർക്ക് 150 രൂപ) ഇട്രാൻസ്ഫർ/ ബാങ്ക് മുഖേന അടച്ച രേഖയും, സർട്ടിഫിക്കറ്റുകളുടെ പകർപ്പും അപേക്ഷയോടൊപ്പം അപ്‌ലോഡ് ചെയ്യണം.അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി 2023 സെപ്റ്റംബർ ഒന്ന്. (01.09.2023) കൂടുതൽ വിവരങ്ങൾക്ക് ഫോൺ:0484 2422275, 9447607073.

# മാല്യന്യശേഖരണം:ക്യുആർകോഡുമായി കൊച്ചി കോർപ്പറേഷൻ

**കൊച്ചി:** കൊച്ചി നഗരത്തിൽ മാലിന്യ ശേഖരണത്തിനുള്ള തുക ഈടാക്കുവാൻ നഗരസഭ ക്യൂ.ആർ. കോഡും, ഇ പേയ്മെൻറ് സംവിധാനവുമെർപ്പെടുത്തി. അഡ്വ. ദിപിൻ ദിലീപ് കൗൺസിലറായ പൊന്നുരുന്നി ഡിവിഷനിലാണ് ഈ പദ്ധതി ആരംഭിച്ചത്. ഇതിൻറെ ഭാഗമായി എല്ലാ വീടുകളിലും ഡിവിഷനിലെ ആശാ പ്രവർത്തകയും കുടുംബശ്രീ പ്രവർത്തകരും സന്ദർശനം നടത്തി ക്യൂ.ആർ. കോഡ് സ്ഥാപിച്ചു. ഈ വീടുകളിൽ നിന്നും ഹരിത കർമ്മ സേന മാലിന്യം ശേഖരിക്കുമ്പോൾ ഒഉഎഉ ബാങ്കിൻറെ സാങ്കേതികസഹായം ഉപയോഗിച്ച് മൊബൈൽ ആപ്ലിക്കേഷൻ വഴിയാകും ഇനി മുതൽ പെയ്മെൻറ് ശേഖരിക്കുക. ക്യൂ. ആർ. കോഡ് സ്കാൻ ചെയ്താൽ ഓൺലൈൻ ആയോ പണമായോ മാസം കൊടുക്കേ യൂസർ ഫീ നൽകാൻ കഴിയും. ഇങ്ങനെ ശേഖരിക്കുന്ന തുക കുടുംബശ്രീ പ്രവർത്തകരുടെ കൺസോഷ്യത്തിലേയ്ക്കാണ് പോകുന്നത്. അതിൽ നിന്നാകും കുടുംബശ്രീ പ്രവർത്തകർക്ക് ശമ്പളം കൊടുക്കുക. കണക്കുകൾ ഇതിലൂടെ കൂടുതൽ സുതാര്യമായി സൂക്ഷിക്കുവാനാകും. ഏതെല്ലാം വീടുകളിൽ നിന്നാണ് മാലിന്യം ശേഖരിക്കുന്നതെന്നും, എത്ര വീടുകളിൽ നിന്ന് പണം ലഭിക്കാനുന്നെും അറിയാൻ കഴിയും. ഇതിലൂടെ മാലിന്യ ശേഖരണത്തിൻറെ കൃത്യത ഉറപ്പാക്കുവാനുമാകും. അംഗീകൃത നിരക്കിൽ മാലിന്യം നഗരസഭയ്ക്ക് കൈമാറണം എന്നത് സംസ്ഥാന സർക്കാർ തീരുമാനമാണ്. മാലിന്യം വീട്ടിൽ സംസ്കരിക്കാതെയും, നഗരസഭയ്ക്ക് കൈമാറാതെയും പൊതുനിരത്തുകളിലും മറ്റും തള്ളുന്നവർക്കെതിരെ കർശന നടപടികൾ തുടരുന്നുമു്. കൂടാതെ അങ്ങനെയുള്ളവരിൽ നിന്ന് കെട്ടിട നികുതിയോടൊപ്പം മാലിന്യ ശേഖരണത്തിനായുള്ള 6 മാസത്തെ തുക കൂടി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഈടാക്കണമെന്ന് സംസ്ഥാന സർക്കാർ തീരുമാനിച്ചിട്ടുമു്. ഇതെല്ലാം പ്രവർത്തികമാക്കണമെങ്കിൽ കൗൺസിലറുടെ നേതൃത്വത്തിൽ എല്ലാ വീടുകളിലും ഈ സന്ദേശം എത്തിക്കേും, ആയതിൻറെ സാങ്കേതിക നടപടിക്രമങ്ങൾ പൂർത്തീകരിക്കേുമു്. സംസ്ഥാനത്ത് ആദ്യമായാണ് മാലിന്യ ശേഖരണ രംഗത്ത് ക്യു ആർ കോഡ് സ്ഥാപിച്ച ശേഷം പേയ്മെൻറിന് ഓൺലൈൻ സംവിധാനം ഏർപ്പെടുത്തിയത്. എല്ലാ വീടുകളിൽ നിന്നും വ്യവസായ സ്ഥാപനങ്ങളിൽ നിന്നും മാലിന്യം ശേഖരിക്കുന്നു് എന്നതും തൂക്കം അനുസരിച്ച് വ്യവസായ സ്ഥാപനങ്ങളിൽ നിന്നും മാലിന്യത്തിന് പണം ഈടാക്കുക എന്നതും നഗരം വൃത്തിയായി സൂക്ഷിക്കുന്നതിൽ അതിപ്രധാനമാണ്. അഡ്വ.ദിപിൻ ദിലീപ് വിജയകരമായി പൂർത്തീകരിച്ച ഈ പ്രവർത്തനം മറ്റു ഡിവിഷണുകളിലും നമുക്ക് പൂർത്തീകരിക്കാൻ കഴിയണമെന്നും, അങ്ങനെ വന്നാൽ 74 ഡിവിഷനുകളിലും റോഡിൽ മാലിന്യം വലിച്ചെറിയുന്നത് അവസാനിപ്പിക്കാൻ കഴിയുമെന്നും പരിപാടി ഉദ്ഘാടനം ചെയ്ത് മേയർ അഭിപ്രായപ്പെട്ടു. ക്യു ആർ കോഡ് സ്കാൻ ചെയ്ത് വാങ്ങിയ പണത്തിൻറെ രസീത് വീട്ടുകാർക്ക് നൽകിയാണ് മേയർ പരിപാടി ഉദ്ഘാടനം ചെയ്തത്. ആശാ പ്രവർത്തകരും, കുടുംബശ്രീ പ്രവർത്തകരും, ഹരിതകർമ്മ സേനാംഗങ്ങളും ഈ പരിപാടിയുടെ വിജയത്തിന് നല്ല പങ്കുവഹിച്ചു. നഗരത്തിലെ മുഴുവൻ ഹരിത കർമ്മ സേനാംഗങ്ങൾക്കും വരും ദിവസം യൂണിഫോം നൽകും. അവരുടെ വേഷവും ഭാവവും സേവനവും എല്ലാം കൂടുതൽ മെച്ചപ്പെട്ട നിലവാരത്തിലേക്ക് മാറുകയാണ്. അവരുടെ അഭിമാന ബോധവും ഇതോടൊപ്പം ഉയരുന്നു്. എല്ലാവരും ഒറ്റക്കെട്ടായി പ്രവർത്തിച്ച് മാലിന്യ സംസ്കരണ രംഗത്ത് ഇനിയും നവീനമായ പ്രവർത്തനങ്ങളുമായി നഗരസഭ മുന്നോട്ടു പോകുമെന്നും മേയർ പറഞ്ഞു.

# യുവാക്കളിൽ കാർഷിക വ്യവസായത്തിന്റെ അറിവ് വളർത്തണം: വി.കെ രാമചന്ദ്രൻ




**കൊച്ചി:** കാർഷിക വ്യവസായവുമായി ബന്ധപ്പെട്ട് യുവാക്കളിൽ അറിവ് വളർത്തണമെന്ന് സംസ്ഥാന പ്ലാനിങ് ബോർഡ് വൈസ് ചെയർമാൻ വി.കെ രാമചന്ദ്രൻ പറഞ്ഞു. കൃഷി?ക്ക് ഒപ്പം കളമശേരിയുടെ ഭാഗമായി നടക്കുന്ന ടിവിഎസ് ജംഗ്ഷനിൽ നടക്കുന്ന കാർഷി?കോത്സവം 2023 വേദിയിൽ 'മൂല്യ വർധിത സംരംഭങ്ങളും കാർഷിക വികസനവും' എന്ന വിഷയത്തെ ആസ്പദമാക്കി സംഘടിപ്പിച്ച സെമിനാറിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

ഇന്ത്യയിൽ വളരെയധികം ജൈവവൈവിധ്യമുള്ള സംസ്ഥാനമാണ് കേരളം. ലോകരാജ്യങ്ങൾ എല്ലാംതന്നെ അവരുടെ സമ്പന്നമായ ജൈവ വൈവിധ്യം ഉപയോഗപ്പെടുത്തി വരുമാനം സൃഷ്ടിക്കുന്നു്. കേരളവും ജൈവവൈവിധ്യത്തിൽ നിന്നും ഉദ്പാദനം നടത്തുന്നുങ്കിലും ഇവിടെ കാർഷിക വ്യവസായിക അടിത്തറയില്ല. നമ്മുടെ കാർഷിക വ്യവസായിക സമ്പത്ത് ജൈവ വൈവിധ്യ സമ്പത്തിന് ആനുപാതികമല്ല. ജൈവ വൈവിധ്യങ്ങളുടെ ഉത്പാദന രംഗത്തു വൻ സാധ്യതകളാണ് കേരളത്തിലുള്ളത്.പുതിയ വിത്തിനങ്ങൾ ഉപയോഗിച്ചും ആധുനിക കൃഷിരീതികൾ മാതൃകയാക്കിയും കേരളത്തിലെ കാർഷിക മേഖലയിലെ വരുമാനവും ഉത്പാദനവും മെച്ചപ്പെടുത്താൻ സാധിക്കും. വ്യക്തമായ കാർഷിക നിർദ്ദേശങ്ങൾ നൽകി കർഷകരെ ശരിയായ ദിശയിൽ മുന്നോട്ട് നയിക്കണമെന്നും കാർഷിക മേഖലയുമായി ബന്ധപ്പെട്ട് യുവാക്കളിൽ അവബോധം സൃഷ്ടിക്കുന്നതിനായി പരിശീലനം നൽകണം.

ചെറുകിട സംരംഭക മേഖലയിൽ അഭിമാനകരമായ സാധ്യതകളാണ് വഴിതുറക്കുന്നതെന്നും അദ്ദേഹം പറഞ്ഞു.കേരള വ്യവസായ നയം 2023 പ്രകാരം കേരളത്തെ സംരംഭങ്ങളുടെ പറുദീസയാക്കി മാറ്റാനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണെന്നും നിലവിൽ പ്രവർത്തിക്കുന്ന എല്ലാ സംരംഭങ്ങളും തുടർന്നു പോകുന്നതിനുള്ള നടപടികളാണ് സ്വീകരിക്കുന്നതെന്നും ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ പി.എ നജീബ് സെമിനാറിൽ പറഞ്ഞു. നബാർഡ് ഡി.ഡി.എം (ഡിസ്ട്രിക്ട് ഡെവലപ്പ്മെന്റ് മാനേജർ) അജേഷ് ബാലു, കോളമിസ്റ്റ് ടി.എസ് ചന്ദ്രൻ എന്നിവർ കർഷകർക്ക് നിർദ്ദേശങ്ങൾ നൽകി.കളമശ്ശേരി നഗരസഭ ചെയർപേഴ്സൺ സീമ കണ്ണൻ അധ്യക്ഷത വഹിച്ച പരിപാടിയിൽ കരുമാലൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീലത ലാലു, കൃഷിക്ക് ഒ?പ്പം കളമശ്ശേരി കോ ഓഡിനേറ്റർ എം.പി വിജയൻ, തൃക്കാക്കര കോ ഓപ്പറേറ്റീവ് ബാങ്ക് പ്രസിഡന്റ് സി.എസ്.എ കരീം, വെളിയത്ത്നാട് സർവീസ് കോ ഓപ്പറേറ്റീവ് ബാങ്ക് പ്രസിഡന്റ് എസ്.ബി ജയരാജ് എന്നിവർ പങ്കെടുത്തു.

# മുതിർന്ന പൗരന്മാർക്ക് കരുതലായി ആസ്റ്റർ റെസ്പക്ട്




**കോഴിക്കോട് :** മുതിർന്ന് പൗരന്മാരുടെ അന്തസും ആരോഗ്യവും പരിപാലിക്കുന്നത് ലക്ഷ്യമിട്ട് പദ്ധതിയുമായി കോഴിക്കോട് ആസ്റ്റർ മിംസ്. ആസ്റ്റർ റെസ്പെക്ട് എന്ന പദ്ധതിയുടെ ഭാഗമായി 65 വയസിന് മുകളിലുള്ളവർക്ക് സമഗ്ര ആരോഗ്യ പരിചരണം ഉറപ്പു വരുത്താനാണ് ലക്ഷ്യമിടുന്നത്. പദ്ധതിയുടെ ഉദ്ഘാടനം സിനിമാ താരം നിർമ്മൽ പാലാഴി നിർവഹിച്ചു.മുതിർന്ന പൗരന്മാർക്കായി വാട്ട്സാപ് കൂട്ടായ്മകൾ സംഘടിപ്പിച്ചാണ് ആസ്റ്റർ റെസ്പെക്ട് നടപ്പാക്കുന്നത്. ഇവരുടെ ശാരീരികവും മാനസികവുമായ ക്ഷേമം ലക്ഷ്യമിട്ടാണ് ഈ ഗ്രൂപ്പുകൾ പ്രവർത്തിക്കുക. കൃത്യമായ ഇടവേളകളിൽ നടക്കുന്ന സംഗമങ്ങൾ, ഹെൽത്ത് ചെക്കപ്പുകൾ, ആഹ്ലാദകരമായ മറ്റ് കൂടിവരവുകൾ, ആരോഗ്യം ഉറപ്പ് വരുത്തുന്നതിനുള്ള നടപടികൾ തുടങ്ങിയ അനേകം പ്രവർത്തനങ്ങൾ ഈ കൂട്ടായ്മയുടെ ഭാഗമായുണ്ടാകും. വിദഗ്ധ ഡോക്ടർമാരുടെ നേതൃത്വത്തിൽ ആരോഗ്യ സംബന്ധമായ ക്ലാസുകൾ ഓൺലൈനായി സംഘടിപ്പിക്കും. ഗ്രൂപ്പിൽ പങ്കുവെക്കുന്ന സംശയങ്ങളും ആശങ്കകളും നിവാരണം നടത്താൻ വിദഗ്ധ ഡോക്ടർമാരുടെ സേവനം ലഭ്യമാകും.ആവശ്യഘട്ടങ്ങളിൽ സഹായം ആവശ്യപ്പെടാനും അവ കൃത്യമായി നിർവഹിക്കാനും തയ്യാറുള്ള ഒരു കൂട്ടം ആളുകളെ വാർത്തെടുക്കുക എന്നത് കൂടി പദ്ധതിയുടെ ഭാഗമാണ്. ആസ്റ്റർ വളന്റിയേഴ്സിന്റെ സഹായത്തോടെ വിദഗ്ധ പരിശീലനം ലഭിച്ച സന്നദ്ധ പ്രവർത്തകരുടെ സേവനം ലഭ്യമാക്കും. സൗഹൃദവും അർപ്പണ മനോഭാവവുമുള്ള ജീവനക്കാർ, വൺ സ്റ്റോപ്പ് ഹെൽത്ത് ചെക്കപ്പ്, വിദേശത്തോ, വിദൂരദേശത്തോ ഉള്ള മക്കളുമായി നിരന്തര സമ്പർക്കം നിലനിർത്താനും മാതാപിതാക്കളുടെ വിവരങ്ങൾ കൈമാറാനുമുള്ള പ്രവർത്തനങ്ങളും ഇതിൽ ഉൾപ്പെടും.മുതിർന്ന പൗരന്മാർക്ക് കാത്തിരിപ്പില്ലാതെ ഒ.പി സേവനങ്ങൾ നൽകുന്നതിനായി നാല് വർഷം മുൻപ് ആരംഭിച്ച ആസ്റ്റർ സീനിയർ പദ്ധതിയുടെ തുടർച്ചയായാണ് ആസ്റ്റർ റെസ്പെക്ട് നടപ്പാക്കുന്നത്. ഉത്തര മലബാറിൽ ആദ്യമായി ഇത്തരമൊരു സൗകര്യം ആരംഭിച്ചത് കോഴിക്കോട് ആസ്റ്റർ മിംസിലായിരുന്നു. വലിയ ജനപിന്തുണയായിരുന്നു ഇതിന് ലഭിച്ചത്. ഇതോടെയാണ് സമൂഹത്തിന്റെ എല്ലാ തുറകളിലുമുള്ള വിവിധ പ്രായക്കാരായ ജനങ്ങളെ ഉൾക്കൊള്ളിച്ച് പുതിയ പദ്ധതി നടപ്പാക്കുന്നത്.കോഴിക്കോട് ആസ്റ്റർ മിംസ് ഓഡിറ്റോറിയത്തിൽ നടന്ന ചടങ്ങിന് ജനറൽ മെഡിസിൻ വിഭാഗം സ്പെഷ്യലിസ്റ്റ് ഡോ. നദീമു റഹ്മാൻ, സീനിയർ സൈക്കാട്രിക് സോഷ്യൽവർക്കർ ഡോ. ചന്ദ്രമുഖി, ചീഫ് ന്യൂട്രീഷനിസ്റ്റ് ഷെറിൻ തോമസ്, ചീഫ് ഫിസിയോതെറാപിസ്റ്റ് അഷ്കർ അലി, ഒക്ക്യൂപേഷണൽ തെറാപ്പിസ്റ്റ് ഒക്കോൺ തുടങ്ങിയവർ നേതൃത്വം നൽകി.

# ആക്സിസ് ബാങ്കും ക്ലിയർട്രിപ്പും കൈകോർക്കുന്നു

cleartrip
A Flipkart Company

**ബംഗളൂരു:** ഫ് ളിപ്കാർട്ട് കമ്പനിയായ ക്ലിയർട്രിപ്പും ആക്സിസ് ബാങ്കും കൈകോർക്കുന്നു. ഈ പങ്കാളിത്തത്തിലൂടെ, നിലവിലുള്ളതും പുതുതായെത്തുന്ന ആക്സിസ് ബാങ്ക് ക്രെഡിറ്റ് കാർഡ് ഉപയോക്താക്കൾക്ക് ആഭ്യന്തര വിമാന ടിക്കറ്റ് ബുക്കിംഗ് (1,200 രൂപ വരെ മൂല്യമുള്ള സീറ്റുകൾ അടക്കം), 500 രൂപ വരെയുള്ള സൗജന്യ ഭക്ഷണം, കൺവീനിയൻസ് ഫീസിൽ ഇളവ്, ഇറ എഹലഃങമഃ ൽ വെറും 1 രൂപയ്ക്ക് യാത്രകൾ റദ്ദാക്കുകയും പുനർഷെഡ്യൂൾ ചെയ്യാനുമുള്ള ഓപ്ഷനുകൾ ഉൾപ്പെടെ നിരവധി ആനുകൂല്യങ്ങൾ ലഭിക്കുമെന്ന് ക്ലിയർട്രിപ്പ് സി.ഇ.ഒ അയപ്പൻ ആർ പറഞ്ഞു.ഇതിനു പുറമേ, ആക്സിസ് ബാങ്ക് ക്രെഡിറ്റ് കാർഡ് ഉടമകൾക്ക് പോയന്റുകൾ ശേഖരിക്കുക/ പണമാക്കി മാറ്റുക എന്നിവയ്ക്ക് കാത്തിരിക്കാതെ തന്നെ പ്രത്യേകം തയ്യാറാക്കിയ യാത്രാ ഓഫറുകൾ ലഭിക്കുന്നു. ആഭ്യന്തര വിമാന ടിക്കറ്റുകൾ ബുക്ക് ചെയ്യുമ്പോൾ സാധാരണയായി നൽകി വരുന്ന പതിവ് ഇളവുകളിൽ നിന്നും വ്യത്യസ്തമായി, വെറും 1 രൂപ നിരക്കിൽ സമഗ്രമായ സേവനങ്ങളുടെ ഒരു നീ നിര തന്നെ വാഗ്ദാനം ചെയ്യുന്നു.യാത്രക്കാർക്ക് ഇളവുകൾ നൽകുന്നത് കൺവീനിയൻസ് ഫീസിലൂടെ ഈടാക്കുന്ന സമീപനത്തെ ഇത് തുടച്ചു നീക്കുന്നു.സുതാര്യവും ഉപഭോക്തൃ കേന്ദ്രീകൃതവുമായ ഒരു സമീപനത്തിലൂടെ ഓൺലൈൻ ട്രാവൽ ഏജൻസിയുടെ മേഖലയെ മാറ്റിമറിക്കാൻ പ്രതിജ്ഞാബദ്ധമാണ് ക്ലിയർട്രിപ്പ്. ആക്സിസ് ബാങ്കുമായുള്ള ഞങ്ങളുടെ പങ്കാളിത്തം ഈ പ്രതിബദ്ധതയുടെ ഒരു ഭാഗമാണ്. ഫ്ളക്സിബിൾ ആയ ബുക്കിങ്ങുകൾ, ക്യാൻസലേഷൻ പോംവഴികൾ, തീയതി മാറ്റങ്ങൾ എന്നിവയെല്ലാം തന്നെ ഒരു പൈസ പോലും അധികം നൽകാതെ അനുവദിക്കുന്നു. ഇത് 12.5 ദശലക്ഷത്തിലധികം ഉപഭോക്താക്കൾക്ക് പ്രയോജനം ചെയ്യുമെന്നും അയപ്പൻ ആർ പറഞ്ഞു.

# ആർപ്പോ മെട്രോയ്ക്ക് വർണ്ണാഭമായ തുടക്കം

**കൊച്ചി:** ഓണക്കാലം ആഘോഷമാക്കാൻ ഒരുങ്ങുകയാണ് കൊച്ചി മെട്രോ. ആർപ്പോ മെട്രോ എന്ന പേരിൽ ആഗസ്റ്റ് 21 മുതൽ 31 വരെ നീളുന്ന പരിപാടികളാണ് വിവിധ മെട്രോ സ്റ്റേഷനുകളിൽ ഒരുക്കിയിരിക്കുന്നത്. കൊച്ചി മെട്രോയും ഐഓസിഎല്ലും സംയുക്തമായി നടത്തുന്ന ആർപ്പോ മെട്രോയുടെ ലോഗോ പ്രകാശനം കെഎംആർഎൽ മാനേജിംഗ് ഡയറക്ടർ ലോക്നാഥ് ബെഹ്റ ഉദ്ഘാടനം ചെയ്തു. കൊച്ചി മെട്രോയിലെ മാവേലി യാത്രക്കും തുടക്കമായി. കൊച്ചി മെട്രോയിലെ സ്റ്റേഷനുകളിലും ട്രെയിനുകളും മാവേലി സഞ്ചരിക്കും. മാവേലിയിൽ നിന്ന് യാത്രക്കാർക്ക് സർപ്രൈസ് സമ്മാനങ്ങൾ നേടാനും അവസരമുണ്ട്. 22ന് വൈകിട്ട് 6 മണിക്ക് നിള നാട്ടരങ്ങ് സംഘം അവതരിപ്പിക്കുന്ന നാടൻ പാട്ടും തെയ്യം അവതരണവും ഉണ്ടാകും. 21 മുതൽ 31 വരെ ആലുവ, ഇടപ്പള്ളി, കളമശേരി മെട്രോ സ്റ്റേഷനുകളിൽ ഒരുക്കിയിരിക്കുന്ന ഗെയിം സോണിൽ വിവിധ മത്സരങ്ങളിൽ പങ്കെടുത്ത് സമ്മാനങ്ങൾ നേടാം. 23ന് വൈകിട്ട് ആലുവ മെട്രോ സ്റ്റേഷനിൽ യുവകലാസാഹിതിയുടെ നേതൃത്വത്തിൽ കലാപരിപാടികൾ ഉണ്ടായിരിക്കുന്നതാണ്. 25ന് ഉച്ചക്ക് ഇടപ്പള്ളി മെട്രോ സ്റ്റേഷനിൽ ഗ്രീറ്റ്സ് പബ്ളിക് സ്കൂളിലെ വിദ്യാർത്ഥികളുടെ കലാപരിപാടികൾ നടക്കും. അന്നേദിവസം വൈകിട്ട് വൈറ്റില സ്റ്റേഷനിൽ മിസ്റ്റർ മെട്രോ മത്സരം അരങ്ങേറും. 26ന് നിഖിൽ വേലായുധൻ മ്യുസിക് ബാൻഡ് അവതരിപ്പിക്കുന്ന സംഗീത പരിപാടിയും 27ന് റോക്ക് സംഗീത പരിപാടിയുമുണ്ടാകും. 27ന് വൈറ്റില മെട്രോ സ്റ്റേഷനിൽ മിസ് മെട്രോ മത്സരവും ശ്രീ ഭദ്ര കലാസംഘം അവതരിപ്പിക്കുന്ന പിന്നൽ തിരുവാതിരയും ഉണ്ടായിരിക്കുന്നതാണ്. 28ന് ജോസ് ജംഗ്ഷനിലുള്ള കൊച്ചി മെട്രോയുടെ ഓപ്പൺ എയർ തിയേറ്ററിൽ മഹാബലി ചരിതം തോൽപ്പാവക്കൂത്ത് അരങ്ങേറും. വൈകിട്ട് 6 മണി മുതലാണ് കലാശ്രീ രാമചന്ദ്ര പുലവരും സംഘവും അവതരിപ്പിക്കുന്ന തോൽപ്പാവക്കൂത്ത് നടക്കുക. 30ന് വിവിധ മെട്രോ സ്റ്റേഷനുകളിലായി പൂക്കള മത്സരവും ഒരുക്കിയിട്ടുണ്ട്. 31ന് വൈറ്റില മെട്രോ സ്റ്റേഷനിൽ വച്ച് നടക്കുന്ന മ്യൂസിക് ബാൻഡ് മത്സരത്തോടെ ആർപ്പോ മെട്രോ പരിപാടികൾ സമാപിക്കും.




# ഹോം കമിങ് ഉൽസവവുമായി ഇൻഡസ്ഇൻഡ് ബാങ്ക്

IndusInd Bank

**കൊച്ചി:** പ്രവാസി ഉപഭോക്താക്കളുമായി ഓണം ആഘോഷിക്കുവാനായി ഇൻഡസ്ഇൻഡ് ബാങ്ക് എൻആർഐ ഹോം കമിങ് ഉൽസവം അവതരിപ്പിച്ചു. പ്രവാസി ഇടപാടുകാരേയും കുടുംബങ്ങളേയും ശാഖകളിലേക്കു ക്ഷണിക്കുന്ന ബാങ്ക് വിളക്കു കൊളുത്തലും സൽക്കാരവും സംഘടിപ്പിക്കും.കോഴിക്കോട്, കൊച്ചി, തിരുവനന്തപുരം എന്നിവിടങ്ങളിൽ പ്രവാസി ഇടപാടുകാർക്കും കുടുംബാംഗങ്ങൾക്കുമായി പ്രത്യേക സിനിമാ പ്രദർശനങ്ങളും നടത്തും. പ്രവാസികൾക്ക് അവരുടെ സാമ്പത്തിക ആസൂത്രണം സുഗമമാക്കാൻ ഉതകുന്ന വിധത്തിൽ മികച്ച ഫിനാൻഷ്യൽ പ്ലാനർമാരുടെ നേതൃത്വത്തിൽ സാമ്പത്തിക സാക്ഷരതാ സെഷനുകളും സംഘടിപ്പിക്കും.ഇവയ്ക്കു പുറമെ തങ്ങൾക്ക് താൽപര്യമുള്ള അക്കൗ നമ്പർ തെരഞ്ഞെടുക്കാനും എൻആർഇ/എൻആർഒ സേവിങ്സ് അക്കൗുകൾക്ക് 6.75 ശതമാനം എന്ന ഈ രംഗത്തെ ഏറ്റവും മികച്ച പലിശ നിരക്കു നേടാനും അവസരം ലഭ്യമാക്കുന്നു്. സ്ഥിര നിക്ഷേപങ്ങൾക്ക് 7.5 ശതമാനം വരെയും നേട്ടം ലഭിക്കും. ഇന്ത്യയിലേക്കു പണമയക്കാനായി ഇൻഡസ്ഫാസ്റ്റ്റെമിറ്റ് ഡോട്ട് കോം എന്ന സംവിധാനവും ആരംഭിച്ചിട്ടു്.

# കളമശേരി ഗവ. വനിത ഐ ടി ഐ യിൽ സീറ്റൊഴിവ്

**കളമശ്ശേരി:** കളമശ്ശേരി ഗവ. വനിത ഐ ടി ഐ യിൽ എസ്.ടി സംവരണ വിഭാഗത്തിൽ 3 സീറ്റുകൾ ഉൾപ്പടെ ഏതാനം സീറ്റുകൾ ഒഴിവു്. താത്പര്യമുള്ളവർ ഓഗസ്റ്റ് 24(വ്യാഴം) വൈകിട്ട് അഞ്ചിനകം അസൽ സർട്ടിഫിക്കറ്റുകൾ സഹിതം അപേക്ഷ സമർപ്പിക്കണം. ഫോൺ:0484 2544750.

# ഓണാഘോഷവുമായി ഫെഡറൽ ബാങ്ക് ; കലാ പ്രദർശന യാത്ര ആരംഭിച്ചു



**കൊച്ചി:** കേരളത്തിന്റെ സമ്പന്നമായ സാംസ്കാരിക പൈതൃകത്തിന്റേയും തനത് കലാരൂപങ്ങളുടേയും പ്രദർശനവും സംഗീത പരിപാടിയുമായി വിപുലമായ ഓണാഘോഷ പരിപാടികൾക്ക് ഫെഡറൽ ബാങ്ക് തുടക്കമിട്ടു. കേരളീയ കലാരൂപങ്ങളുടെ പ്രദർശനവുമായി കേരളത്തിലൂട നീളം നടത്തുന്ന റോഡ് ഷോ എറണാകുളത്തു നിന്ന് ആരംഭിച്ചു. കേരള കലാരൂപങ്ങളായ മയൂരനൃത്തം, കളരിപ്പയറ്റ്, ഗരുഡനാട്ടം, പൂതൻ, തെയ്യം, തിറ, കഥകളി, മോഹിനിയാട്ടം, പുലിക്കളി എന്നിവയാണ് റോഡ് ഷോയിൽ അവതരിപ്പിക്കുന്നത്. ചാക്യാരും മാവേലിയും ചെണ്ടമേളവും ഈ കലായാത്രയ്ക്ക് അകമ്പടിയുണ്ടാകും. പ്രത്യേകമായി തയാറാക്കിയ രണ്ടു വാഹനങ്ങളിൽ ഒന്ന് തെക്കൻ കേരളത്തിലും മറ്റൊന്ന് വടക്കൻ കേരളത്തിലും ഏഴു ദിവസം നീണ്ടു നിൽക്കുന്ന പര്യടനം നടത്തും. തിരഞ്ഞെടുത്ത പ്രധാന കേന്ദ്രങ്ങളിലായിരിക്കും കലാ പ്രദർശനങ്ങൾ അരങ്ങേറുക. ഓണം സീസണിൽ ഫെഡറൽ ബാങ്ക് ഒരുക്കിയ ഓണസദ്യ പരസ്യ ചിത്രം ഇതിനകം വൈറലായി. പരമ്പരാഗത ഓണസദ്യയുടെ രുചി അനുഭവം ചിത്രീകരിച്ച പരസ്യം മൂന്ന് ദിവസത്തിനകം നാലര ലക്ഷത്തിലേറെ പേരാണ് യുട്യൂബിൽ കണ്ടത്. ഇതുകൂടാതെ പ്രശസ്ത ഗായകനും സംഗീതജ്ഞനുമായ കാർത്തികിന്റെ പ്രത്യേക സംഗീത പരിപാടി 'കാർത്തിക് ലൈവ്' സെപ്തംബർ രണ്ടിന് അങ്കമാലിയിൽ നടക്കും. ടിക്കറ്റ് ബുക്കിങ് ആരംഭിച്ചിട്ടുണ്ട്. ലോകമെമ്പാടുമുള്ള മലയാളികളെ ഒന്നിപ്പിക്കുന്ന, കുടുംബങ്ങളും കൂട്ടുകാരും യുവജനങ്ങളും, സഹപ്രവർത്തകരും വിദ്യാർത്ഥികളുമെല്ലാം ഒരു പോലെ ആഘോഷിക്കുന്ന ഉത്സവമാണ് ഓണം. ഈ സീസണിൽ കേരളത്തിലെത്തുന്നവരും പങ്കുചേരേണ്ട ആഘോഷവും കൂടിയാണ് ഓണം. 30 ഓളം വിഭവങ്ങളുള്ള സദ്യ തന്നെയാണ് ഈ ആഘോഷത്തിന്റെ പ്രധാന സവിശേഷത. വ്യത്യസ്തരായ വ്യക്തികൾ ചേർന്ന് സദ്യയ്ക്കായി വ്യത്യസ്ത വിഭവങ്ങൾ ഒരുക്കുന്നതാണ് ഞങ്ങളുടെ പുതിയ പരസ്യ ചിത്രം. ഉപഭോക്തൃ കേന്ദ്രീകൃതമായ സേവനങ്ങളിലൂടെ ബന്ധങ്ങൾക്ക് കരുത്തു പകരുക എന്ന ഫെഡറൽ ബാങ്കിന്റെ നയത്തെ ഈ സദ്യ പ്രതീകവൽക്കരിക്കുന്നു. സാംസ്കാരിക പാരമ്പര്യത്തെ ബാങ്ക് എത്രത്തോളം ഉൾക്കൊള്ളുന്നുവെന്നും, ഡിജിറ്റലായ ഈ കാലത്തും ബന്ധങ്ങൾ എത്രത്തോളം ആഴത്തിലുള്ളതാണെന്നും വ്യക്തമാക്കുന്നതാണ് ഈ സദ്യയെന്ന് ഫെഡറൽ ബാങ്ക് ചീഫ് മാർക്കറ്റിങ് ഒഫീസർ എം. വി. എസ്. മൂർത്തി പറഞ്ഞു.

# ഓണക്കിറ്റ് വിതരണം ഉദ്ഘാടനം 23ന്



**തിരുവനന്തപുരം:** ഈ വർഷത്തെ ഓണത്തോടനുബന്ധിച്ച് സംസ്ഥാനത്തെ എ.എ.വൈ (മഞ്ഞ) റേഷൻ കാർഡുടമകൾക്കും ക്ഷേമസ്ഥാപനങ്ങളിലെ താമസക്കാർക്കുള്ള കേരള സർക്കാരിന്റെ സൗജന്യ ഓണക്കിറ്റ് വിതരണത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം 23ന് രാവിലെ 8.30ന് തിരുവനന്തപുരം തമ്പാനൂർ ഹൗസിങ് ബോർഡ് ജംഗ്ഷനിലെ എ.ആർ.ഡി 114 ന്റെ അങ്കണത്തിൽ ഭക്ഷ്യ പൊതുവിതരണ മന്ത്രി ജി.ആർ. അനിൽ നിർവഹിക്കും. ഗതാഗത മന്ത്രി ആന്റണി രാജു അധ്യക്ഷത വഹിക്കും. പൊതുവിദ്യാഭ്യാസ തൊഴിൽ വകുപ്പ് മന്ത്രി വി. ശിവൻകുട്ടി മുഖ്യാതിഥിയാകും. ഡപ്യൂട്ടി മേയർ പി.കെ രാജു, ഭക്ഷ്യ പൊതുവിതരണ വകുപ്പ് കമ്മീഷണർ ഡോ. ഡി സജിത് ബാബു, വാർഡ് കൗൺസിലർ ഹരികുമാർ വി, ജില്ലാ സിവിൽ സപ്ലൈസ് ഓഫീസർ കെ. അജിത് കുമാർ എന്നിവർ സംസാരിക്കും.

# പ്രീ ബുക്കിങ്ങിൽ 2.5 കോടിയിൽപ്പരം കളക്ഷൻ; 'കിംഗ് ഓഫ് കൊത്ത' 24ന്




**കൊച്ചി:** മലയാള സിനിമയുടെ ചരിത്രത്തിലാദ്യമായി ഒരു സിനിമയുടെ ടിക്കറ്റ് ബുക്കിങ് തുടങ്ങിയതുമുതൽ ഈ നിമിഷം വരെ ബുക്ക് മൈ ഷോയിൽ ടിക്കറ്റ് വിൽപനയിൽ ട്രെൻഡിങ്ങിൽ നിൽക്കുന്ന ആദ്യ ചിത്രമായി 'കിംഗ് ഓഫ് കൊത്ത'മാറി. രാജു എന്ന കഥാപാത്രമായെത്തുന്ന പാൻ ഇന്ത്യൻ താരം ദുൽഖർ സൽമാന്റെ ഹൈ ബഡ്ജറ്റഡ് ചിത്രം തിയേറ്ററിൽ എത്താൻ ഇനി രണ്ടു നാൾ മാത്രം. ന്യൂയോർക്കിലെ ടൈംസ് സ്ക്വയർ മുതൽ ത്രിപ്പൂണിത്തുറ അത്തച്ചമയം ഘോഷയാത്രയിൽ വരെ കിംഗ് ഓഫ് കൊത്തയുടെ സാന്നിദ്ധ്യം അറിയിച്ചു കൊണ്ടുള്ള പ്രചരണപരിപാടികൾ ചൂടേറുമ്പോൾ ദുബൈയിലെ ഓറിയോൺ മാളിൽ വൈകിട്ട് കിംഗ് ഓഫ് കൊത്തയുടെ താരങ്ങൾ ഒരുമിക്കുന്ന വമ്പൻ പ്രീ റിലീസ് ഇവന്റാണ് നടക്കുന്നത്. ദുൽഖറിന്റെ കരിയറിലെ ഏറ്റവും ചിലവേറിയ സിനിമ തിയേറ്റർ എക്സ്പീരിയൻസ് സമ്മാനിക്കുന്ന മലയാളത്തിലെ കൾട്ട് ക്ലാസ്സിക് ചിത്രമാണ്. നാളെ കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ കിംഗ് ഓഫ് കൊത്തയുടെ പുലിക്കളി അരങ്ങേറും. ദുൽഖർ സൽമാന്റെ വേഫേറെർ ഫിലിംസ് സീ സ്റ്റുഡിയോസ് എന്നിവർ സംയുക്തമായി നിർമ്മിക്കുന്ന കിംഗ് ഓഫ് കദുൽഖറിനോടൊപ്പം ഐശ്വര്യാ ലക്ഷ്മി, ഷബീർ കല്ലറക്കൽ, പ്രസന്ന, ഗോകുൽ സുരേഷ് , ഷമ്മി തിലകൻ, ശാന്തി കൃഷ്ണ, അനിഖാ സുരേന്ദ്രൻ തുടങ്ങി വമ്പൻ താരനിരയാണ് ചിത്രത്തിലുള്ളത്. കിംഗ് ഓഫ് കൊത്തയുടെ ഛായാഗ്രഹണം നിമീഷ് രവിയാണ്. ജേക്സ് ബിജോയ്,ഷാൻ റഹ്മാൻ എന്നിവർ ചിത്രത്തിന് സംഗീതമൊരുക്കുന്നു, സംഘട്ടനം : രാജശേഖർ, സ്ക്രിപ്റ്റ് : അഭിലാഷ് എൻ ചന്ദ്രൻ, പ്രൊഡക്ഷൻ ഡിസൈനർ : നിമേഷ് താനൂർ, എഡിറ്റർ: ശ്യാം ശശിധരൻ, കൊറിയോഗ്രാഫി: ഷെറീഫ് ,വി എഫ് എക്സ് : എഗ്ഗ് വൈറ്റ്, മേക്കപ്പ് :റോണെക്സ് സേവിയർ, വസ്ത്രാലങ്കാരം :പ്രവീൺ വർമ്മ,സ്റ്റിൽ :ഷുഹൈബ് എസ് ബി കെ, പ്രൊഡക്ഷൻകൺട്രോളർ :ദീപക് പരമേശ്വരൻ, മ്യൂസിക് : സോണി മ്യൂസിക്, പി ആർ ഓ: പ്രതീഷ് ശേഖർ.

Liva®
'Diamonds are forever'
MODULAR INTERIORS TOO!
www.livainteriors.com




THE EVERLASTING MODULAR INTERIORS
SUPERIOR QUALITY IMPORTED AND INDIGENOUS RAW MATERIALS ONLY ARE USED
UNRIVALLED GERMAN ROBOTIC TECHNOLOGY FOR MANUFACTURING
GUARANTEE FOR 15 LONG YEARS* NOBODY CAN OFFER
EVER GROWING DELIGHTED LIVA FAMILY MEMBERS

Liva KITCHENS & INTERIORS
TRUSTED since 2007 | 15 YEAR GUARANTEE | 100% CUSTOMER SATISFACTION GUARANTEED | ISO 9001 CERTIFIED | LOWEST HONEST PRICE

SOUTH INDIA'S MOST TRUSTED AND ADVANCED MODULAR INTERIOR MANUFACTURER

HEAD OFFICE & SHOW ROOM-KERALA
DOOR No.41/1065, RENJESHA BUILDING
OPPO. P.O.C, PADIVATTOM
ERNAKULAM-24
+91 9288022661/62

SHOWROOM-KARNATAKA
No.73, 80FT ROAD
NEAR HOYSALA CIRCLE
KENGERI SATELLITE TOWN
BANGALORE 560060
+91 9778685017/19

SHOWROOM-KERALA
OPPO. ROSY SCHOOL, CRYSTAL CENTRE
CHATHAPURAM, PALAKKAD, KERALA
FACTORY : KERALA
Kairady PO, Palakkad
+ 91 9288022663